2. The meaning of ‘COVERT’:
(a) Not openly practised
(b) Revolutionay (c) Sudden change
(d) Disagreement
3. Of outstanding significance:
(a) Meaningful (b) Ominous
(c) Evident (d) Monumental
4. Which part of the sentence has an error?
(a) He / (b) is / (c) the most unique man. / (d) no error
5. Choose the word that is most opposite in meaning to ‘SUBHUMAN’:
(a) Superman (b) Divine
(c) Superhuman (d) Inhuman
6. A standstill resulting from the opposition of two unrelenting forces or factions:
(a) Deadlock (b) Red tape
(c) Lame Duck (d) Dark Horse
7. The authorship of the book is wrongly ascribed _____ him.
(a) by (b) in
(c) to (d) through
8. The meaning of the word ‘TERSE’:
(a) Obscure
(b) Brief and to the point
(c) Indefinite (d) Vague
9. The idiom/phrase that means “A skeptic who needs physical or personal evidence in order to believe something’:
(a) A doubting Thomas
(b) Back seat driver
(c) Good samaritan (d) Queer fish
10. I can see ____ his lies and deceptions.
(a) at (b) through
(c) with (d) up
11. Take this bottle and pour some milk _____ that jug.
(a) inside (b) in
(c) within (d) into
12. The word ‘fame’ rhymes with:
(a) fan (b) father
(c) came (d) can
13. A person who kills somebody especially for political reasons.
(a) Criminal (b) Assassin
(c) Fugitive (d) Vagabond
14. I went to a Korean restaurant on Thursday even though I had eaten Korean food three days____.
(a) before (b) since
(c) till (d) ago
15. A drawing on transparent paper:
(a) Manuscript (b) Negative
(c) Blue print (d) Transparency
16. Find out which part of the sentence has an error?
(a) The number of boys (b) in this team
(c) are ten (d) No error
17. A small shop that sells fashionable clothes, cosmetics, etc.
(a) Boutique (b) Store
(c) Stall (d) Booth
18. I tried to keep the child away from the pool. In this sentence ‘keep away from’ means:
(a) Assist to come near
(b) Prevent from coming close
(c) Encourage to come near
(d) None of these
19. The meaning of ‘Confidential’:
(a) Obvious (b) Honest
(c) Secret (d) Accurate
20. My brother is taller ____ my sister.
(a) to (b) over
(c) than (d) for

**Answers**

1 (b) 2(a) 3 (d) 4 (c) 5(c) 6(a) 7(c) 8(b) 9(a) 10(b) 11(d) 12(c) 13(b) 14(a) 15(d) 16(c) 17(a) 18(b) 19(c) 20(c)

# ഇന്ത്യയിലെ ഏറ്റവും നീളംകൂടിയ റെയിൽവേ പ്ലാറ്റ്ഫോം



1. ഇന്ത്യയിൽനിന്ന് ആദ്യമായി ഓസ്കർ നേടിയത് ഭാനു അത്തയ്യ എന്ന വനിതയാണ്. 1982ൽ ഗാന്ധി എന്ന ചിത്രത്തിലെ വസ്ത്രാലങ്കാരമാണ് അവരെ അവാർഡിനർഹയാക്കിയത്. ഓണററി ഓസ്കർ നേടിയ ഇന്ത്യക്കാരനാണ് സത്യജിത് റേ (1992). ചലച്ചിത്ര നിർമാണത്തിന് അർപ്പിച്ച സമഗ്രസംഭാവന പരിഗണിച്ചായിരുന്നു ഈ ബഹുമതി.
2. ഇന്ത്യയിലാദ്യമായി കറസ്പോണ്ടൻസ് കോഴ്സ് ആരംഭിച്ച സർവകലാശാലയാണ് ഡൽഹി സർവകലാശാല. സ്വന്തമായി റേഡിയോ നിലയം സ്ഥാപിച്ച ആദ്യ സർവകലാശാല സർദാർ പട്ടേൽ സർവകലാശാല.
3. ഇന്ത്യയിലാദ്യമായി മെട്രോ റെയിൽവേ (1984) നിലവിൽവന്നത് കൊൽക്കത്തയിലാണ്. എന്നാൽ, ലോകത്താദ്യമായി മെട്രോ റെയിൽവേ ആവിഷ്കരിക്കപ്പെട്ടത് ലണ്ടനിലാണ്.
4. ഇന്ത്യയിലെ ധവള വിപ്ലവത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത് ഡോ.വർഗീസ് കുര്യനാണ്. എന്നാൽ, ഇന്ത്യയിലെ ഹരിത വിപ്ലവത്തിന്റെ പിതാവ് ഡോ.എം. എസ്.സ്വാമിനാഥനാണ്.
5. ഇന്ത്യയിലെ നദികളിൽ ഏറ്റവും അപകടകാരിയെന്നു വിശേഷിപ്പിക്കപ്പെടുന്നത് ബീഹാറിലെ കോസിയാണ്. എന്നാൽ, ഇന്ത്യൻ നദികളിൽ ഏറ്റവും വേഗത്തിലൊഴുകുന്നത് സിക്കിമിലെ തീസ്തയാണ്.
6. ഇന്ത്യയിലെ പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത് ബൽവന്ത് റായ് മേത്തയാണ്. എന്നാൽ, പഞ്ചായത്ത് രാജ് എന്ന പദപ്രയോഗം ആവിഷ്കരിച്ചത് ജവാഹർലാൽ നെഹ്രുവാണ്.
7. ഇന്ത്യയിലെ അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന്റെ സ്ഥിരം വേദി ഗോവയാണ്. എന്നാൽ, ആദ്യത്തേത് 1952–ൽ മുംബൈയിലാണ് നടന്നത്.
8. ഇന്ത്യയിലെ മലകളുടെ റാണി എന്നറിയപ്പെടുന്നത് മസൂറി. എന്നാൽ, തെക്കേ ഇന്ത്യയിലെ മലകളുടെ റാണി ഉദകമണ്ഡലമാണ്.
9. ഇന്ത്യയിലെ ആദ്യ ഇക്കോ–ടൂറിസം പദ്ധതി തെന്മല, ആദ്യത്തെ ഇക്കോ ടൗൺ പാനിപ്പട്ട്.
10. ഇന്ത്യയിലെ ആദ്യ റെയിൽവേ ലൈൻ മുബൈ–താനെയാണ് (1854). എന്നാൽ, തെക്കേ ഇന്ത്യയിലെ ആദ്യ റെയിൽവേ ലൈൻ സ്ഥാപിച്ചത് വെയസാർപാണ്ടി മുതൽ വലാജാ റോഡ് വരെയാണ്(1856).
11. ഇന്ത്യയിലെ ആദ്യത്തെ വധിക്കപ്പെട്ട പ്രധാനമന്ത്രി ഇന്ദിരാഗാന്ധി. ഇന്ത്യയിലെ ആദ്യത്തെ വധിക്കപ്പെട്ട മുഖ്യമന്ത്രി ബിയാന്ത് സിങ്.
12. ഇന്ത്യയിലെ ആദ്യത്തെ വനിതാ നിയമസഭാസ്പീക്കർ ഹരിയാനയിലെ ഷാനോ ദേവിയാണ്. എന്നാൽ ഇന്ത്യയിലെ ആദ്യത്തെ വനിതാ ലോക്സഭാ സ്പീക്കർ മീരാകുമാറാണ്.
13. ഇന്ത്യയിലെ ആദ്യത്തെ വനിതാ മുൻസിഫ് അന്നാ ചാണ്ടിയും വനിതാ മജിസ്ട്രേറ്റ് ഓമനക്കുഞ്ഞമ്മയുമാണ്.
14. ഇന്ത്യയിലെ ആദ്യത്തെ വനിതാ ഗവർണർ സരോജിനി നായിഡുവാണ്. ദക്ഷിണേന്ത്യയിലെ ആദ്യത്തെ വനിതാ ഗവർണറാണ് ശാരദാ മുഖർജി.
15. ഇന്ത്യയിലെ ആദ്യത്തെ ഓപ്പൺ യൂണിവേഴ്സിറ്റി ആന്ധ്രാപ്രദേശ് ഓപ്പൺ യൂണിവേഴ്സിറ്റിയാണ് (ഇപ്പോൾ ഡോ. ബി. ആർ. അംബേദ്കർ ഓപ്പൺ യൂണിവേഴ്സിറ്റി എറിയപ്പെടുന്നു) ഇന്ത്യയിലെ ഏറ്റവും വലിയ ഓപ്പൺ യൂണിവേഴ്സിറ്റിയാണ് ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റി.
16. ഇന്ത്യയിലെ ആദ്യത്തെ ഓട്ടോമാറ്റിക് ടെലഫോൺ എക്സ്ചേഞ്ച് സ്ഥാപിതമായ സ്ഥലം ഷിംലയാണ് (1913). എന്നാൽ, ഇന്ത്യയിലാദ്യമായി ടെലഫോൺ തുടങ്ങിയത് 1881–82–ൽ കൊൽക്കത്തയിലാണ്.
17. ഇന്ത്യയിലെ ആദ്യത്തെ മെഡിക്കൽ കോളേജ് കൽക്കട്ടയിൽ. കേരളത്തിലെ ആദ്യത്തെ മെഡിക്കൽ കോളേജ് തിരുവനന്തപുരത്ത്.
18. ഇന്ത്യയിലെ ആദ്യത്തെ ദേശീയോദ്യാനമാണ് കോർബറ്റ് ദേശീയോദ്യാനം. എന്നാൽ, ലോകത്തിലെ ആദ്യത്തെ ദേശീയോദ്യാനം അമേരിക്കയിലെ യെല്ലോസ്റ്റോൺ നാഷണൽ പാർക്കാണ്.
19. ഇന്ത്യയിലെ ഇസ്ലാമിക ഭരണത്തിന് അടിത്തറ പാകിയത് മുഹമ്മദ് ഘോറിയാണ്. എന്നാൽ, ഇന്ത്യാചരിത്രത്തിലെ ആദ്യ മുസ്ലിം ഭരണാധികാരി കുത്തബ്ദ്ദീൻ ഐബക്കാണ്.
20. ഇന്ത്യയിലെ ഏറ്റവും നീളം കൂടിയ റെയിൽവേ തുരങ്കം ജമ്മു കശ്മീരിലെ പീർ പഞ്ജൽ (11.2 കി.മീ) ആണ്. എന്നാൽ, ദക്ഷിണേന്ത്യയിലെ ഏറ്റവും നീളം കൂടിയ റെയിൽവേ തുരങ്കം ഗോവയിലെ കാർബുഡെ (6.5 കി.മീ.) തുരങ്കമാണ്.
21. ഇന്ത്യയിലെ ഏറ്റവും നീളംകൂടിയ നദി ഗംഗയാണ്. എന്നാൽ, ദക്ഷിണേന്ത്യയിലെ ഏറ്റവും നീളംകൂടിയ നദി ഗോദാവരിയാണ്.
22. ഇന്ത്യയിലെ ഏറ്റവും നീളംകൂടിയ (1,366. 3 മീ.) റെയിൽവേ പ്ലാറ്റ്ഫോം എന്ന ബഹുമതി ഇപ്പോൾ ഉത്തർപ്രദേശിലെ ഗോരഖ്പൂരിനാണ്. മുമ്പ് ഈ പദവി പശ്ചിമ ബംഗാളിലെ ഖരഗ്പൂരിന് സ്വന്തമായിരുന്നു.
23. ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട റാബി വിളയാണ് ഗോതമ്പ്. എന്നാൽ, ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട ഖാരിഫ് വിള നെല്ലാണ്.
24. ഇന്ത്യയിലെ ഏറ്റവും വലിയ നദി ഗംഗ. പാകിസ്താനിലെ ഏറ്റവും വലിയ നദി സിന്ധു.
25. ഇന്ത്യയിലെ ഏറ്റവും വലിയ സംസ്ഥാനം രാജസ്ഥാനും ചെറുത് ഗോവയുമാണ്. എന്നാൽ,കരബന്ധിത സംസ്ഥാനങ്ങളിൽ ഏറ്റവും വലുത് രാജസ്ഥാനും ചെറുത് സിക്കിമുമാണ്.
26. ഇന്ത്യയിലെ ഏറ്റവും വലിയ തടാകമാണ് ചിൽക്ക. എന്നാൽ, കേരളത്തിലെ ഏറ്റവും വലിയ തടാകം വേമ്പനാട്.
27. ഇന്ത്യയിലെ ഏറ്റവും കൂടുതൽ വരുമാനമുള്ള ക്ഷേത്രം ആന്ധ്രാപ്രദേശിലെ തിരുപ്പതിയിലെ വെങ്കിടേശ്വരക്ഷേത്രമാണ്. എന്നാൽ, സീസണൽ വരുമാനം കൂടുതൽ കേരളത്തിലെ ശബരിമല ശാസ്താക്ഷേത്രത്തിലാണ്.
28. ഇന്ത്യയിലെ ഏറ്റവും ജനസാന്ദ്രത കൂടിയ കേന്ദ്ര ഭരണ പ്രദേശം ഡൽഹിയാണ്. എന്നാൽ, ഏറ്റവും ജനസാന്ദ്രത കുറഞ്ഞ കേന്ദ്ര ഭരണ പ്രദേശം ആന്തമാൻ നിക്കോബാർ ദ്വീപുകളാണ്.
29. ഇന്ത്യയിലെ ഏറ്റവും ജനസംഖ്യയുള്ള തലസ്ഥാനേതര നഗരമാണ് അഹമ്മദാബാദ്. എന്നാൽ, തെക്കേ ഇന്ത്യയിലെ ഏറ്റവും ജനസംഖ്യയുള്ള തലസ്ഥാനേതര നഗരം കോയമ്പത്തൂരാണ്.
30. ഇന്ത്യയിലെ സ്വിറ്റ്സർലൻഡ് എന്നു വിളിക്കുന്നത് കാശ്മീരിനെയാണ്. എന്നാൽ, യൂറോപ്പിലെ കശ്മീർ എന്നറിയപ്പെടുന്നത് സ്വിറ്റ്സർലൻഡാണ്. ലാറ്റിൻ അമേരിക്കയിലെ സ്വിറ്റ്സർലന്റ് എന്ന അപരനാമമുള്ള രാജ്യമാണ് ഉറുഗ്വായ്.
31. ഇന്ത്യയുമായി അതിർത്തി പങ്കിടുന്ന രാജ്യങ്ങളിൽ തെക്കുകിഴക്കനേഷ്യയുടെ ഭാഗമായ ഏക രാജ്യമാണ് മ്യാൻമർ. ഇന്ത്യയുടെ ഭാഗമായ പ്രദേശങ്ങളിൽ തെക്കുകിഴക്കനേഷ്യയുടെ ഭാഗമായ ഏക പ്രദേശം ആന്തമാൻ നിക്കോബാർ (ഇന്ത്യ ഒരു തെക്കനേഷ്യൻ രാജ്യമാണ്).
32. ഇന്ത്യയുമായി വ്യാപാരബന്ധത്തിലേർപ്പെട്ട ആദ്യ യൂറോപ്യൻ ശക്തി പോർച്ചുഗീസുകാരാണ്. എന്നാൽ, ഇത്തരമൊരു ബന്ധം സ്ഥാപിച്ച ആദ്യത്തെ പ്രൊട്ടസ്റ്റന്റ് ജനത ഡച്ചുകാരാണ്.
33. ഇന്ത്യയുടെ അയൽ രാജ്യങ്ങളിൽ ഏറ്റവും വിസ്തീർണം കുറഞ്ഞത് മാലിദ്വീപാണ്.എന്നാൽ. ഇന്ത്യയുമായി കര അതിർത്തി പങ്കിടുന്ന ഏറ്റവും ചെറിയ രാജ്യം ഭൂട്ടാനാണ്. വിസ്തീർണം ഏറ്റവും കൂടിയ അയൽ രാജ്യം ചൈനയാണ്.
34. ഇന്ത്യയുടെ ആദ്യത്തെ അന്റാർട്ടിക് എക്സ്പെഡിഷൻ ഗോവയിൽനിന്ന് എംവി പോളാർ സർക്കിൾ എന്ന വാഹനത്തിൽ പുറപ്പെട്ടത് 1981–ലാണ്. എന്നാൽ, അന്റാർട്ടിക്കയിൽ എത്തിയത് 1982–ലാണ്.
35. ഇന്ത്യയുടെ ആദ്യത്തെ ഉപഗ്രഹം ആര്യഭട്ടയാണ് (1975 ഏപ്രിൽ 19). എന്നാൽ, തദ്ദേശീയനിർമിതമായ ആദ്യ ഇന്ത്യൻ ഉപഗ്രഹമാണ് ഇൻസാറ്റ് 1 എ (1992).



36. ഇന്ത്യയുടെ ആദ്യത്തെ വനിതാ വിദേശ കാര്യ സെക്രട്ടറി ചൊകില അയ്യർ, വനിതാ വിദേശകാര്യ വക്താവ് നിരുപമാ റാവു.
37. ഇന്ത്യയുടെ ഏറ്റവും ഉന്നതമായ സിവിലിയൻ ബഹുമതി ഭാരതരത്നമാണ്. ഇന്ത്യയുടെ ഏറ്റവും ഉന്നതമായ സൈനിക ബഹുമതിയാണ് പരമവീരചക്രം.
38. ഇന്ത്യയുടെ രണ്ടാമത്തെ ഉന്നതമായ സിവിലിയൻ ബഹുമതി പദ്മവിഭൂഷണാണ്. ഇന്ത്യയുടെ രണ്ടാമത്തെ ഉന്നതമായ സൈനിക ബഹുമതിയാണ് മഹാവീര ചക്രം.
39. ഇന്ത്യയുടെ തെക്കു–വടക്കു നീളം 3214 കിലോമീറ്ററും കിഴക്കു പടിഞ്ഞാറു വീതി 2933 കിലോമീറ്ററുമാണ്.
40. ഇന്ത്യയുടെ തത്ത എന്ന അപരനാമത്തിലറിയപ്പെട്ടത് അമീർ ഖുസ്രു ആണ്. ഇന്ത്യയുടെ വാനമ്പാടി എന്നു വിളിച്ചത് സരോജിനി നായിഡുവിനെയാണ്.
41. ഇന്ത്യയുടെപഞ്ചസാരക്കിണ്ണം എന്നറിയപ്പെടുന്ന സംസ്ഥാനമാണ് ഉത്തർ പ്രദേശ്. ലോകത്തിന്റെ പഞ്ചസാരക്കിണ്ണം ക്യൂബ.
42. ഇന്ത്യയുടെയും (1991) പാകിസ്താൻെറയും(1990) പരമോന്നത ബഹുമതി (നിഷാൻ–ഇ–പാകിസ്താൻ) നേടിയ വ്യക്തിയാണ് മൊറാർജി ദേശായി. ഈ പ്രത്യേകതയുള്ള മറ്റൊരു നേതാവ് നെൽസൺ മണ്ടേലയാണ്.
43. ഇന്ത്യാചരിത്രത്തിലാദ്യമായി സ്വർണനാണയങ്ങൾ പുറപ്പെടുവിച്ചത് ഇന്തോ–ഗ്രീക്കുകാരാണ്. എന്നാൽ, ഇന്ത്യയിൽ വ്യാപകമായി സ്വർണനാണയങ്ങളിറക്കിയ ആദ്യ ഭരണാധികാരികൾ കുഷാനരാണ്.
44. ഇന്ത്യാചരിത്രത്തിലെ സുവർണകാലം ഗുപ്തകാലഘട്ടം. കേരള ചരിത്രത്തിലെ സുവർണകാലം കുലശേഖരൻമാരുടെ കാലം.
45. ഇന്ത്യയെയും ചൈനയേയും വേർതിരിക്കുന്ന അതിർത്തി രേഖയാണ് മക്മഹോൻ ലൈൻ. പാകിസ്താനെയും ഇന്ത്യയെയും വേർതിരിക്കുന്നത് റാഡ്ക്ലിഫ് രേഖ.
46. ഇന്ത്യയെയും നേപ്പാളിനെയും വേർതിരിക്കുന്നത് മഹാഭാരത് നിരകൾ. ഇന്ത്യയെയും മ്യാൻമറിനെയും വേർതിരിക്കുന്നത് പട്കായ് നിരകൾ.
47. ഇന്ത്യയെപ്പോലെ, ആഗസ്റ്റ് 15–ന് സ്വാതന്ത്ര്യദിനം ആഘോഷിക്കുന്ന രാജ്യമാണ് റിപ്പബ്ലിക് ഓഫ് കോംഗോ. ഇതേ പ്രത്യേകതയുള്ള മറ്റൊരുരാജ്യം തെക്കൻ കൊറിയയാണ്.
48. ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ ആദ്യത്തെ വൈസ് ചാൻസലർ ജി.രാം റെഡ്ഡിയാണ്. ജവാഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയുടെ ആദ്യ വൈസ് ചാൻസലർ ജി.പാർത്ഥസാരഥിയാണ്.
49. ഇന്ദിരാഗാന്ധി വധിക്കപ്പെട്ടത് ന്യൂഡൽഹിയിൽ വച്ചാണ്. രാജീവ് ഗാന്ധി വധിക്കപ്പെട്ട സ്ഥലം ശീപെരുംപുതൂർ.
50. ഇന്ദിരാഗാന്ധിയുടെ സ്മരണയ്ക്കായി ഹരിപ്രസാദ് ചൗരസ്യ ചിട്ടപ്പെടുത്തിയ രാഗമാണ് ഇന്ദിരാ കല്യാൺ. അംജദ് അലി ഖാൻ ചിട്ടപ്പെടുത്തിയ രാഗമാണ് പ്രിയദർശിനി. ●

# Degree Level Previous Questions

# ‘the last of the Victorians’

## 1

1. Flushing Medows in USA is related to:
   (a) Football (b) Tennis
   (c) Cricket (d) Baseball
2. Japan surrendered during the Second World War in:
   (a) 1945 (b) 1944
   (c) 1942 (d) 1943
3. The Russian statesman who became the leader of Soviet Union soon after the death of Stallin:
   (a) Lenin (b) Brushnev
   (c) Krushchev (d) Trotsk
4. The English poet and novelist who is called ‘the last of the Victorians’:
   (a) Thomas Hardy (b) Thomas More



   (c) Shakespeare (d) Charles Dickens
5. The wife of Motilal Nehru and mother of Jawaharlal Nehru:
   (a) Jija Bhai (b) Mrinalini Devi
   (c) Swaroopa Rani (d) None of these
6. Which is a brand name related to watches?
   (a) Adidas (b) Exide
   (c) BMW (d) Rolex
7. The novel written by Ernest Hemmingway in the background of Spanish Civil War:
   (a) For whom the bells toll
   (b) The Old man and the Sea
   (c) Mother (d) Emma
8. Who invented super computer?
   (a) Charles Babbage (b) J.H. Van Tassel
   (c) Swington (d) Sinclair
9. The study of fungus:
   (a) Phycology (b) Myology
   (c) Mycology (d) Oncology
10. Manometer is used to measure ...... of gases:
    (a) Pressure (b) Weight
    (c) Density (d) None of these
11. The surface that reflects all the colours in the spectrum will be seen as:
    (a) Red (b) Yellow
    (c) White (d) Black
12. Which is known as ‘universal solvent’?
    (a) Blood (b) Water
    (c) Kerozene (d) Petrol
13. Element formed during hydrogen bomb explosion:
    (a) Hydrogen (b) Helium
    (c) Nitrogen (d) Carbon
14. Plant that has fruits and no seeds:
    (a) Tea (b) Coffee
    (c) Plantain (d) Paddy
15. Xerophytes are grown in:
    (a) Trees (b) Decayed matters
    (c) Deserts (d) Marshy areas
16. The tallest bird:
    (a) Peacock (b) Pelican
    (c) Ostrich (d) Emu
17. Tetany is a disease which affects the functioning of .......
    (a) Skin (b) Muscular actions
    (c) Liver (d) Spleen
18. In which part of the eye, image is formed?
    (a) Retina (b) Lens
    (c) Iris (d) None of these
19. Which planet reflect sunlight the most?
    (a) Earth (b) Mercury
    (c) Venus (d) Jupiter
20. The difference in longitue between two places that have a time difference of one hour:
    (a) 7.5 (b) 15
    (c) 30 (d) 60
21. The first political occasion in which ‘Janaganamana’ sung was the session of the Indian National Congress held on 27th December, ......
    (a) 1896 (b) 1911
    (c) 1921 (d) 1906
22. In which region of India desert is situated:
    (a) North east (b) North west
    (c) South east (d) South west
23. The largest language in Dravidian group:
    (a) Tamil (b) Malayalam
    (c) Kannada (d) Telugu
24. The river that covers the longest distance in India:
    (a) Ganga (b) Brahmaputra
    (c) Indus (d) Godavari
25. The profound influence of which religion can be seen in Ajanta Caves?
    (a) Jainism (b) Buddhism
    (c) Zorashtrianism (d) Christianity

### Answers

1 (b) 2(a) 3 (c) 4 (a) 5(c)6(d) 7(a) 8(b) 9(b) 10(a) 11(c) 12(b) 13(b) 14(c) 15(c)16(c)17(b) 18(a) 19(c) 20(b) 21(b) 22 (b) 23(d) 24 (a) 25(b)

## 2

1. Name the city built by Alauddin Khilji:
   (a) Agra (b) Rai Pithora
   (c) Jaunpur (d) Siri
2. Jehangir was buried in:
   (a) Kabul (b) Delhi
   (c) Agra (d) Lahore
3. The venue of the first conference of the Indian National Congress in 1885:
   (a) New Delhi (b) Mumbai
   (c) Chennai (d) Kolkatta
4. Who was popularly called Rajaji?
   (a) Rajendraprasad
   (b) Rajagopalachari
   (c) Raja Ram Mohun Roy
   (d) Raj Guru
5. Gandhiji arrived India after his life in South Africa in the year:
   (a) 1914 (b) 1915
   (c) 1916 (d) 1917
6. Whose birth day is observed as ‘Sadbhavana Divas’?
   (a) Indira Gandhi (b) Morarji Desai
   (c) Charan Singh (d) Rajiv Gandhi
7. Who wrote ‘Voice of Conscience’?
   (a) Zakkir Hussain (b) Sanjiva Reddy



   (c) KR Narayanan (d) VV Giri
8. The retiring age of the judge of Supreme Court is ___ years:
   (a) 58 (b) 60
   (c) 62 (d) 65
9. Who decides on the holding of elections to Panchyats?
   (a) Parliament (b) State Government
   (c) Speaker (d) District Collector
10. The first woman to get Nobel Prize in literature:
    (a) Elinor Ostrom (b) Bertha Von Suttner
    (c) Selma Lagerlof (d) None of these
11. The first person of Indian origin to get Booker Prize:
    (a) Salman Rushdie (b) Arundhathy Roy
    (c) VS Naipaul (d) None of these
12. The organ of UNO in which all members are represented:
    (a) ICJ (b) General Assembly
    (c) Security Council (d) ECOSOC
13. The headquarters of Asian Development Bank (ADB) :
    (a) Jakarta (b) New Delhi
    (c) Manila (d) Dhaka
14. Universal Children’s Day:
    (a) November 20 (b) November 14
    (c) January 12 (d) August 12



15. “Where wealth accumulates, men decay” Whose words are these?
    (a) Oliver Goldsmith (b) Churchill
    (c) Adams Smith (d) J S Mill
16. Father of Indian Cinema:
    (a) Satyajit Ray (b) Pritviraj Kapoor
    (c) Raj Kapoor (d) Dadasaheb Phalke
17. Srinagar is on the banks of:
    (a) Ravi (b) Beas
    (c) Jhulum (d) Chenab
18. The city of Palaces:
    (a) New Delhi (b) Mumbai
    (c) Chennai (d) Kolkata
19. In which continent , the longest mountain range above sea level is situated?
    (a) South America (b) North America
    (c) Asia (d) Europe
20. The only bachelor to become the US president:
    (a) John Adams (b) George Washington (c) James Buchanan
    (d) JF Kennedy
21. Which is known as ‘the queen of the Arabian sea’?
    (a) Alappuzha (b) Kannur
    (c) Kozhikode (d) Kochi
22. PT Usha Coaching Centre is at:
    (a) Payyoli (b) Koilandy
    (c) Thiruvananthapuram(d) Kozhikode
23. The second speaker of Kerala Legislative Assembly:
    (a) AJ John (b) Seethi Sahib
    (c) Alexander Parambithara
    (d) VM Sudheeran
24. Doordarsha started programmes in Malayalam from Thiruvananthapuram in:
    (a) 1982 (b) 1983
    (c) 1984 (d) 1985
25. The first hydro-electric project in Malabar:
    (a) Vilangad (b) Senkulam
    (c)Kuttyadi (d) None of these

### Answers

1(d) 2(d) 3(b) 4(b) 5(b) 6(d) 7(d) 8(d) 9(b) 10(c)11(c) 12(b) 13(c)14(a) 15(a) 16(d) 17(c)18(d) 19(a)20(c) 21(d) 22(c) 23(b)24(d)25(c)



# ലോകജാലകം

ആർ.സി.സുരേഷ്കുമാർ

# അർജന്റീന




**ഗോതമ്പിന്റെയും കന്നുകാലികളുടെയും നാടെന്നാണ് അർജന്റീന അറിയപ്പെടുന്നത്. ഇന്ത്യ കഴിഞ്ഞാൽ വലുപ്പത്തിൽ തൊട്ടടുത്ത രാജ്യമായ അർജന്റീനയ്ക്ക് ലോകത്ത് എട്ടാം സ്ഥാനമാണുള്ളത്. ലോകത്താദ്യമായി പ്രസിഡന്റ് പദത്തിൽ ഒരു വനിത അവരോധിക്കപ്പെട്ടത് അർജന്റീനയിലാണ്. പശ്ചിമാർധഗോളത്തിലെ ഏറ്റവും ഉയരം കൂടിയ ഭാഗവും താഴ്ന്ന ഭാഗവും അർജന്റീനയിലാണ്. തെക്കേ അമേരിക്കയിലെ പ്രബലമായ ഈ രാഷ്ട്രം ഭൂമിശാസ്ത്രപരമായ സവിശേഷതകൾകൊണ്ടും ചരിത്ര പ്രധാന്യം കൊണ്ടും മത്സരപ്പരീക്ഷാ ചോദ്യങ്ങളിൽ സജീവ സാന്നിധ്യമാണ്. പരിചയപ്പെടാം അതു സംബന്ധമായ വസ്തുതകൾ മുഴുവനും.**

## പ്രത്യേകതകൾ

* തെക്കേ അമേരിക്കയിൽ വിസ്തീർണത്തിൽ രണ്ടാം സ്ഥാനമുള്ള രാജ്യമായ അർജന്റീനയ്ക്ക് ലോകത്ത് വിസ്തീർണത്തിൽ എട്ടാം സ്ഥാനമുണ്ട്.
* വിസ്തീർണാടിസ്ഥാനത്തിൽ ഇന്ത്യ കഴിഞ്ഞാൽ അടുത്ത രാജ്യം.
* വെള്ളി അഥവാ അർജന്റം (Argentum) എന്ന ലോഹത്തിൽനിന്ന് പേരുലഭിച്ച രാജ്യമാണ് അർജന്റീന.
* ലാറ്റിൻ അമേരിക്കയിൽ ഏറ്റവും കൂടുതൽ മുസ്ലിങ്ങളും ജൂതരുമുള്ള രാജ്യമാണ് അർജന്റീന.
* ഒരേ ലിംഗപദവിയുള്ളവർ തമ്മിലുള്ള വിവാഹത്തിന് (same-sex marriage) രാജ്യമൊട്ടാകെ നിയമസാധുത നൽകിയ തെക്കേ അമേരിക്കയിലെ ആദ്യത്തെ (2010) രാജ്യമാണ് അർജന്റീന (ലോകത്താദ്യമായി ഒരേ ലിംഗപദവിയുള്ളവർ തമ്മിലുള്ള വിവാഹത്തിന് നിയമസാധുത നൽകിയ രാജ്യം നെതർലൻഡ്സ് ആണ്–2001–ൽ). ലോകത്ത് ഇപ്രകാരമുള്ള പത്താമത്തെ രാജ്യം.
* തെക്കേ അമേരിക്കയിൽ രണ്ടാമത്തെ വലിയ സമ്പദ് വ്യവസ്ഥയുള്ള രാജ്യം.
* ഗോതമ്പിന്റെയും കന്നുകാലികളുടെയും നാട് ('Land of Wheat and Cattle') എന്ന അപരനാമം അർജന്റീനയ്ക്ക് സ്വന്തമാണ്.
* സ്വന്തം സാങ്കേതികവിദ്യ ഉപയോഗിച്ച് ആണവ റിയാക്ടർ സ്ഥാപിച്ച ആദ്യത്തെ ലാറ്റിൻ അമേരിക്കൻ രാജ്യമാണ് അർജന്റീന (1957).

## ആദ്യത്തേത്

* ലോകത്തിലെ ആദ്യത്തെ വനിതാ പ്രസിഡന്റ് മരിയ എസ്റ്റെല്ലാ പെറോൺ അധികാരത്തിൽവന്നത് അർജന്റീനയിലാണ്. തന്റെ ഭർത്താവ് ജുവാൻ പെറോണിന്റെ നിര്യാണത്തെത്തുടർന്നാണ് രാജ്യത്തിന്റെ വൈസ് പ്രസിഡന്റായിരുന്ന അവർ പ്രസിഡന്റ് പദത്തിലെത്തിയത് (1974–1976). പശ്ചിമാർധഗോളത്തിൽ രാഷ്ട്രമേധാവിയായ രാജകുടുംബാംഗമല്ലാത്ത ആദ്യ വനിതയായിരുന്നു അവർ (ലോകത്തെ ആദ്യത്തെ തിരഞ്ഞെടുക്കപ്പെട്ട വനിതാ പ്രസിഡന്റ് യൂറോപ്പിലെ ഐസ്‌ലൻഡിൽ 1980–ൽ അധികാരത്തിൽവന്ന Vigdis Finnbogadottir ആണ്).




ബ്യൂണസ് ഐറിസ്

## സൂപ്പർലേറ്റീവുകൾ

* തെക്കേ അമേരിക്കയിലെ ഏറ്റവും ഉയരമുള്ള പീഠഭൂമിയാണ് അർജന്റീനയിലെ അൾട്ടി പ്ലാനോ. ഇതിന്റെ ശരാശരി ഉയരം 3,750 മീറ്ററാണ്. ഈ പീഠഭൂമിയിലെ ഏറ്റവും വലിയ നഗരം ബൊളീവിയയിലെ ലാ പാസ് ആണ് (ഏഷ്യയിലെ ടിബറ്റൻ പീഠഭൂമിയുടെ ശരാശരി ഉയരം 4500 മീറ്ററാണ്).
* ലോകത്തിൽ സ്പാനിഷ് സംസാരിക്കുന്ന രാജ്യങ്ങളിൽ ഏറ്റവും വിസ്തീർണംകൂടിയത് അർജന്റീനയാണ് (സ്പാനിഷ് മുഖ്യ ഭാഷയായ രാജ്യങ്ങളിൽ ജനസംഖ്യ ഏറ്റവും കൂടുതൽ മെക്സിക്കോയിലാണ്.)
* പശ്ചിമാർധഗോളത്തിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടി, ദക്ഷിണാർധഗോളത്തിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടി എന്നീ വിശേഷണങ്ങൾ അകാൻ കാഗ്വയ്ക്ക് (Aconcagua) സ്വന്തമാണ്. 6962 മീറ്ററാണ് ഇതിന്റെ ഉയരം. ആൻഡീസ് മലനിരകളുടെ ഭാഗമാണ് ഈ കൊടുമുടി.
* ഏഷ്യയ്ക്ക് വെളിയിലുള്ള ഏറ്റവും ഉയരം കൂടിയ കൊടുമുടിയും അകാൻ കാഗ്വയാണ്.
* ലോകത്ത് ഏറ്റവും തെക്കായി സ്ഥിതി ചെയ്യുന്ന ഭരണ കേന്ദ്രമാണ് ഫോക്‌ലാൻഡ് ദ്വീപുകളുടെ ആസ്ഥാനമായ സ്റ്റാൻലി (ലോകത്തിലെ ഏറ്റവും തെക്കായി സ്ഥിതി ചെയ്യുന്ന തലസ്ഥാന നഗരം ന്യൂസിലൻഡിന്റെ തലസ്ഥാനമായ വെല്ലിംഗ്ടൺ ആണ്. ഫോക്‌ലാൻഡ് ദ്വീപുകൾ സ്വതന്ത്രരാഷ്ട്രമല്ല).
* തെക്കേ അമേരിക്കയിലെ രാജ്യങ്ങളിൽ ഏറ്റവും കൂടുതൽ നൊബേൽ ജേതാക്കളുള്ളത് അർജന്റീനയിലാണ് .
* ലോകത്തിലെ ഏറ്റവും വീതി കൂടിയ നദി (220 കിലോമീറ്റർ) എന്ന വിശേഷണം റിയോ ഡി ലാ പ്ലാറ്റ (Rio de La Plata) എന്ന നദിക്കു സ്വന്തമാണ്. ഉറുഗ്വായ്, പരാനാ നദികൾ സംഗമിച്ചുണ്ടാകുന്ന 290 കിലോമീറ്റർ നീളമുള്ള ഈ ജലപ്രവാഹം അർജന്റീനയെയും ഉറുഗ്വായെയും വേർതിരിക്കുന്നു (ലോകത്തിലെ ഏറ്റവും നീളംകൂടിയ Estuary റഷ്യയിലെ Ob നദിയുടേതാണ്– 720 കിലോമീറ്റർ).
* തെക്കേ അമേരിക്കയിലെ ഏറ്റവും താഴ്ന്ന ഭാഗമായ വാൽഡസ് ഉപദ്വീപ് അർജന്റീനയുടെ ഭാഗമാണ്. ഇതിനെ ലോക പൈതൃകപ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
* ലോകത്തിലെ ഏറ്റവും ഉയരം കൂടിയ അഗ്നിപർവതങ്ങളിലൊന്നാണ് അർജന്റീന–ചിലി അതിർത്തിയിലുള്ള ഒജോസ് ഡെൽ



സലാഡോ (6,891 മീ.). അകാൻകാഗ്വ കഴിഞ്ഞാൽ പശ്ചിമാർധഗോളത്തിലും ദക്ഷിണാർധ ഗോളത്തിലും ഉയരത്തിൽ രണ്ടാം സ്ഥാനത്തുള്ള കൊടുമുടിയാണിത്. ലോകത്ത് കരഭാഗത്തുള്ള എറ്റവും നീളം കൂ

ടിയ മലനിരയായ (longest continental mountain range) ആൻഡീസിന്റെ (7,000 കി.മീ.) ഭാഗമാണ് ഒജോസ് ഡെൽ സലാഡോ (ഭൗമോപരിതലത്തിലെ ഏറ്റവും നീളം കൂടിയ മലനിര അത്‌ലാന്റിക് സമുദ്രത്തിന്റെ അടിത്തട്ടിലുള്ള മിഡ് അത്‌ലാന്റിക് റിഡ്ജ് ആണ്.) ഇതിന്റെ കിഴക്കുഭാഗത്ത് 6390 മീറ്റർ ഉയരത്തിൽ 100 മീറ്റർ വ്യാസമുള്ള ഒരു crator lake ഉണ്ട്. ലോകത്തിൽ ഏറ്റവും ഉയരത്തിൽ സ്ഥിതി ചെയ്യുന്ന തടാകമായി ഇതിനെ വിശേഷിപ്പിക്കാറുണ്ട് (ലോകത്ത് ഏറ്റവും പാവനമായി കണക്കാക്കപ്പെടുന്ന മാനസ സരോവോർ തടാകം 4556 മീറ്റർ ഉയരത്തിലാണ്). ഒജോസ് ഡെൽ സലാഡോ സജീവ അഗ്നിപർവതമാണോയെന്ന കാര്യം തർക്കവിഷയമാണ്. 1300 വർഷമുമ്പാണ് ഇതിൽ ഏറ്റവും ഒടുവിൽ സ്ഫോടനം നടന്നത്. എന്നാൽ, 1993–ൽ ചെറിയരീതിയിൽ പൊട്ടിത്തെറി ഉണ്ടായതിന് തെളിവു ലഭിച്ചിട്ടുണ്ട്.

* വെനിസ്വേലമുതൽ തെക്ക് ടിയേറ ഡെൽ ഫ്യൂഗോവരെ നീളുന്ന ആൻഡീസ്, ഹിമാലയം കഴിഞ്ഞാൽ ഏറ്റവും വലിയ പർവതനിരയാണ്.
* പാറ്റഗാണിയ മരുഭൂമി തെക്കേ അമേരിക്കയിലാണ്. 673,000 ച.കി.മീ. വിസ്തൃതിയുള്ള ഇത് തെക്കേ അമേരിക്കയിലെ ഏറ്റവും വലിയ മരുഭൂമിയാണ്. ഇതിന്റെ ഭൂരിഭാഗം അർജന്റീനയിലും കുറച്ചു ഭാഗം ചിലിയിലുമാണ്. Wind energy potential ഏറ്റവും കൂടിയ പ്രദേശങ്ങളിലൊന്നാണിത്.
* പശ്ചിമാർധഗോളത്തിൽ ഭൗമോപരിതലത്തിലെ ഏറ്റവും താഴ്ന്ന ഭാഗമാണ് അർജന്റീനയിലെ സാന്റാ ക്രൂസ് പ്രവിശ്യയിലെ Laguna del Carbon. ഇത് സമുദ്രനിരപ്പിൽ നിന്ന് 105 മീറ്റർ താഴ്ചയിലാണ്.

## അപരനാമങ്ങൾ

* അർജന്റീന, ബ്രസീൽ, ചിലി എന്നിവ എ, ബി,സി രാജ്യങ്ങൾ എന്നറിയപ്പെടുന്നു.
* ലാറ്റിൻ അമേരിക്കയുടെ സാംസ്കാരിക തലസ്ഥാനം, തെക്കേ അമേരിക്കയിലെ പാരിസ് എന്നീ അപരനാമങ്ങളിൽ അറിയപ്പെടുന്ന നഗരമാണ് ബ്യൂണസ് അയേഴ്സ്. റിയോ ഡി ലാ പ്ലാറ്റാ നദിയുടെ തീരത്താണിത്.

## പ്രധാനപ്പെട്ട വസ്തുതകൾ

* ഫെഡറൽ റിപ്പബ്ലിക്കായ അർജന്റീനയുടെ തലസ്ഥാനം ബ്യൂണസ് അയേഴ്സ്. നാണയം പെസോ.
* പ്രധാന ഭാഷ സ്പാനിഷ്, പ്രധാനമതം ക്രിസ്തുമതം.
* സ്പെയിനിൽനിന്ന് 1816–ലാണ് സ്വാതന്ത്ര്യം നേടിയത്.
* ജനസംഖ്യയിൽ തെക്കേ അമേരിക്കയിൽ മൂന്നാം സ്ഥാനമാണ് അർജന്റീനയ്ക്ക്.
* നിയമനിർമാണസഭയായ നാഷണൽ കോൺഗ്രസിന് ചേംബർ ഓഫ് ഡെപ്യൂട്ടീസ് (അധോസഭ), സെനറ്റ് എന്നീ രണ്ട് സഭകൾ ഉണ്ട്. യഥാക്രമം നാലുവർഷവും ആറുവർഷവുമാണ് അംഗങ്ങളുടെ കാലാവധി. അധോസഭയിൽ വോട്ടവകാശമുള്ള 257 അംഗങ്ങളും ഉപരിസഭയിൽ 72 അംഗങ്ങളുമാണ് ഉള്ളത്.
* വിശാലമായ പാമ്പാസ് പുൽമേടുകളുടെ സാന്നിധ്യമാണ് അർജന്റീനയിൽ കാലി വളർത്തലിന് അനുകൂല സാഹചര്യമൊരുക്കുന്നത്. മാട്ടിറച്ചി കയറ്റുമതിയിൽ മുന്നിട്ടുനിൽക്കുന്ന രാജ്യങ്ങളിലൊന്നാണിത്.
* അർജന്റീനയിലെ ഏറ്റവും ജനപ്രിയ കായിക വിനോദം ഫുട്ബോളാണ്. എന്നാൽ ദേശീയ കായിക വിനോദം പാറ്റോ (A type of Horse Polo) ആണ്.
* ഗ്രാൻ ചാകോ ( Gran Chaco) വനങ്ങൾ കാണപ്പെടുന്നത് ഉത്തര–മധ്യ അർജൻറീന, പശ്ചിമ പരാഗ്വേ, തെക്കൻ ബൊളീവിയ എന്നിവിടങ്ങളിലാണ്.
* സംസ്ഥാനങ്ങൾക്ക് പ്രത്യേക ഭരണഘടനയുള്ള രാജ്യമാണ് അർജന്റീന.

## പ്രധാന വ്യക്തികൾ

* അർജന്റീനയെ സ്പാനിഷ് ഭരണത്തിൽ നിന്ന് മോചിപ്പിച്ചത് സാൻ മാർട്ടിൻ ആണ്. ചിലിയുടെയും പെറുവിന്റെയും മോചകനും ഇദ്ദേഹമാണ്.
* അർജന്റീനയുടെ പ്രസിഡന്റായ രണ്ടാമത്തെ വനിതയാണ് ക്രിസ്റ്റിന ഫെർണാണ്ടസ് ഡി കിച്ച്നർ (രാജ്യത്തിന്റെ ചരിത്രത്തിലെ ആദ്യത്തെ തിരഞ്ഞെടുക്കപ്പെട്ട വനിതാ പ്രസിഡന്റാണവർ).
* Ernesto Guevara da le Serna എന്ന യഥാർഥപേരുള്ള ചെഗുവേര (1928–67) ജനിച്ചത് അർജന്റീനയിലാണ്. അദ്ദേഹം കൊല്ലപ്പെട്ടത് ബൊളീവിയയിൽവച്ചാണ്. ഇദ്ദേ





അകാൻ കാഗ്വ

ഹത്തിന്റെ രചനയാണ് മോട്ടോർ സൈക്കിൾ ഡയറീസ്. ഈ യാത്രയിൽ ചെഗുവേരയുടെ കൂട്ടുകാരനായിരുന്ന ആൽബർട്ടോ ഗ്രനഡോ 2011–ൽ അന്തരിച്ചു.

* അർജന്റീനക്കാരനായ പ്രശസ്ത ഫുട്ബോളറാണ് ദൈവത്തിന്റെ കൈ എന്ന പരാമർശവുമായി ബന്ധപ്പെട്ട ഡീഗോ മറഡോണ. ലോക കപ്പിൽ 1986 ജൂൺ പതിനൊന്നിന് ഇംഗ്ലണ്ടിനെതിരെയുള്ള മത്സരത്തിലായിരുന്നു വിവാദവിഷയമായ ഗോൾ. മറഡോണയുടെ ജഴ്സി നമ്പർ 10 ആയിരുന്നു.
* ആൽബർട്ടോ കോർഡാ എടുത്ത ചെഗുവേരയുടെ Guerrillero Heroico എന്ന ഫോട്ടോഗ്രാഫ് ലോകത്തിലെ ഏറ്റവും പ്രശസ്തമായ ഫോട്ടോഗ്രാഫ് എന്ന വിശേഷണം സ്വന്തമാക്കി.
* സമാധാന നൊബേലിനർഹനായ (1936) ആദ്യത്തെ ലാറ്റിനമേരിക്കക്കാരനാണ് അർജന്റീനയിൽ ജനിച്ച Carlos Saavedra Lamas (1878–1959).
* അമേരിക്കകളിൽനിന്നും ദക്ഷിണാർധഗോളത്തിൽനിന്നുമുള്ള ആദ്യത്തെ പോപ്പാണ് ഫ്രാൻസിസ് പാപ്പ (2013). ഇദ്ദേഹത്തിന്റെ യഥാർഥ പേര് Jorge Mario Bergoglio.

## പ്രധാന സ്ഥലങ്ങൾ

* ലോകപൈതൃകപ്പട്ടികയിൽ സ്ഥാനംപിടിച്ച ഏറ്റവും തെക്കേയറ്റത്തെ സാസ്കാരിക കേന്ദ്രമാണ് അർജന്റീനയിലെ Cueva de las Manos. ഓസ്ട്രേലിയയിലെ Macquarie Island ആണ് ലോകപൈതൃകപ്പട്ടികയിൽ സ്ഥാനംപിടിച്ച ഏറ്റവും തെക്കേയറ്റത്തെ ഭൂമിശാസ്ത്രപരമായ സ്ഥലം.
* അർജന്റീനയിലെ ഏറ്റവും വലിയ നഗരം ബ്യൂണസ് അയേഴ്സ് ആണ്.
* തെക്കേ അമേരിക്കയിലെ ഏറ്റവും വലിയ രണ്ടാമത്തെ നഗരം ബ്യൂണസ് അയേഴ്സ് ആണ്. ആദ്യത്തെ പാൻ അമേരിക്കൻ ഗെയിംസ് 1951–ൽ നടന്നത് ഈ നഗരത്തിലാണ്. 2018 സമ്മർ യൂത്ത് ഒളിമ്പിക്സ് വേദിയും ബ്യൂണസ് അയേഴ്സ് ആണ്.

## പ്രധാന സംഭവങ്ങൾ

* ദക്ഷിണ അത്‌ലാന്റിക് സമുദ്രത്തിലെ ഫോക്‌ലാൻഡ് ദ്വീപുകളുടെ ഉടമസ്ഥാവകാശത്തെ സംബന്ധിച്ച് 1982–ൽ നടന്ന യുദ്ധത്തിൽ അർജന്റീനയെ ബ്രിട്ടൺ തോൽപിക്കുകയും ഫോക്‌ലാൻഡ് ദ്വീപുകൾ സ്വന്തമാക്കുകയും ചെയ്തു. അർജന്റീനയും ഫോക്‌ലാൻഡ് ദ്വീപുകൾക്കായി അവകാശവാദം ഉന്നയിക്കുന്നുണ്ട്. തെക്കേ അമേരിക്കയുടെ തെക്കുകിഴക്കുഭാഗത്താണ് ഫോക്‌ലാൻഡ് ദ്വീപുകൾ.

## കുഴപ്പിക്കുന്ന വസ്തുതകൾ

* ബ്യൂണസ് അയേഴ്സ് ആണ് ഏറ്റവും കൂടുതൽ സന്ദർശകരെത്തുന്ന തെക്കേ അമേരിക്കൻ നഗരം. ലാറ്റിൻ അമേരിക്കൻ നഗരങ്ങളിൽ സന്ദർശകരുടെ എണ്ണത്തിൽ ബ്യൂണസ് അയേഴ്സിന് രണ്ടാം സ്ഥാനമാണ് (മെക്സിക്കോയാണ് ഒന്നാമത്).

# Practice Questions

1. Argentina is known as the ........
   (a) Land of Wheat and Cattle
   (b) Land of Snow (c) Junior America
   (d) Land of Maples
2. The first woman president in the world:
   (a) Golda Meir
   (b) Sirimao Bandaranayake
   (c) Maria Isabel Peron (d) Tancu Chiller
3. The year of Falkland War:
   (a) 1981 (b) 1982
   (c) 1983 (d) 1984
4. Which city is known as the 'Cultural capital of South America'?
   (a) Brazilia (b) Santiago
   (c) Buenes Aires (d) Lima
5. Ernesto Guevara da le Serna is better known as:
   (a) Pele (b) Maradona
   (c) Che Guera (d) Castro
6. Who liberated Argentina from foreign rule?
   (a) Che Guera (b) Castro
   (c) Abraham Lincoln (d) San Martin
7. Which city is known as Paris of South America'?
   (a) Buenes Aires (b) Rio de Jeneiro



   (c) Lima (d) Brazilia
8. In which Ocean is Falkland Islands?
   (a) South Atlantic (b) Indian Ocean
   (c) South Pacific (d) Arctic
9. The capital of Argentina:
   (a) Buenes Aires (b) Bucharest
   (c) Lima (d) Bogota
10. Which country granted independence to Argentina?
    (a) Britain (b) Spain
    (c) Portugal (d) Germany
11. The currency of Argentina:
    (a) Dollar (b) Pound
    (c) Peso (d) Yen
12. Grass lands of South America:
    (a) Steppes (b) Pampas
    (c) Prairies (d) High Veld
13. Which is the highest peak in southern hemisphere?
    (a) Kilimanjaro (b) Mauna Kea
    (c) Everest (d) Aconcagua
14. ........ strait is situated between Argentina and Tierra del Fuego :
    (a) Cook (b) Magallan
    (c) Torres (d) Davis
15. ........ in Meghalaya is the place which receives the highest rain fall in India.
    (a) Umroi (b) Shillong
    (c) Mawsynram (d) Mosmai

## Answers

1(a) 2(c) 3(a) 4(c) 5(d) 6(a) 7(b) 8(b)
9(c) 10(d) 11(b) 12(a) 13(a) 14(b) 15(c)

# ഇന്ത്യൻ സംസ്ഥാനങ്ങൾ

## മണിപ്പൂർ

### പ്രത്യേകതകൾ

* *ഇന്ത്യയുടെരത്നം* എന്ന് ജവാഹർലാൽ നെഹ്റു വിശേഷിപ്പിച്ച സംസ്ഥാനം
* പോളോ കളി ഉദ്ഭവിച്ച സംസ്ഥാനം.

### ആദ്യത്തേത്

* ഇന്ത്യയിലെ ആദ്യത്തെ സെൻട്രൽ അഗ്രികൾച്ചർ യൂണിവേഴ്സിറ്റി ഇംഫാലിലാണ്.
* Oak Tasar വ്യവസായം ആരംഭിച്ച ആദ്യ ഇന്ത്യൻ സംസ്ഥാനം മണിപ്പൂരാണ്.
* രണ്ടാം ലോക മഹായുദ്ധക്കാലത്ത് ഇന്ത്യൻ നാഷണൽ ആർമി ഇന്ത്യൻ മണ്ണിൽ ആദ്യമായി 1944 ഏപ്രിൽ 14-ന് ദേശീയ പതാക ഉയർത്തിയ സ്ഥലമാണ് മൊയ്‌രാങ്.

### സൂപ്പർലേറ്റീവുകൾ

* ലോകത്ത് ഏറ്റവും കൂടുതൽ കാലം നിരാഹാര സമരം അനുഷ്ഠിച്ച വ്യക്തിയാണ് ഐറോം ശർമിള.
* മണിപ്പൂരിൽ ഏറ്റവും കൂടുതൽ സംസാരിക്കുന്നഭാഷ Meeteilon.
* വടക്കു കിഴക്കൻ ഇന്ത്യയിലെ രണ്ടാമത്തെ വലിയ വിമാനത്താവളം ഇംഫാലാണ്.
* മണിപ്പൂരിലെ ഏറ്റവും വലിയ വംശീയ വിഭാഗമാണ് Meetei.

### അപരനാമങ്ങൾ

* Kangleipak, Sanaleibak എന്നീ പേരുകളിലും മണിപ്പൂർ പരാമർശിക്കപ്പെടുന്നുണ്ട്.
* കിഴക്കിന്റെ സ്വിറ്റ്സർലൻഡ് എന്ന് മണിപ്പൂരിനെ വിശേഷപ്പിക്കാറുണ്ട്.

### പ്രധാനപ്പെട്ട വസ്തുതകൾ

* ലോകത്തിലെ ഒരേയൊരു പൊങ്ങിക്കിടക്കുന്ന ദേശീയോദ്യാനം- **കെയ്ബുൾ ലാംജാവോ**
* ലോക്തക് തടാകം ഏതു സംസ്ഥാനത്താണ്- **മണിപ്പൂർ**
* മണിപ്പൂരിലെ ക്ലാസിക്കൽ നൃത്തരൂപമാണ് മണിപ്പൂരി .രാധയുടെയും കൃഷ്ണന്റെയും പ്രണയമാണ് മണിപ്പൂരി ഡാൻസിന്റെ പ്രമേയം. ജയദേവരുടെയും വിദ്യാ



പതിയുടെയും രചനകളാണ് ഇതിനുവേണ്ടി ആലപിക്കുന്നത്. മൈഥിലി ഭാഷയിലെ കുയിൽ എന്നറിയപ്പെടുന്ന കവിയാണ് വിദ്യാപതി (1352-1448). Pung cholom എന്ന പേരിലും മണിപ്പൂരി നൃത്തം അറിയപ്പെടുന്നു.
* ലോക്തക് ജലവൈദ്യുത പദ്ധതി ഏതു സംസ്ഥാനത്ത്- **മണിപ്പൂർ**
* 2013 മാർച്ച് 25-ന് മണിപ്പൂർ ഹൈക്കോടതി ഇംഫാൽ ആസ്ഥാനമായി നിലവിൽ വന്നു.
* രണ്ടാം ലോക മഹായുദ്ധക്കാലത്ത് ബ്രിട്ടിഷ് ഇന്ത്യൻ സൈന്യവും ജപ്പാനീസ് സൈന്യവും തമ്മിൽ കനത്ത ഏറ്റുമുട്ടൽ നടന്ന പ്രദേശമാണ് മണിപ്പൂർ. ഇംഫാലിൽ പ്രവേശിക്കുന്നതിന് മുമ്പ് ജപ്പാനീസ് സൈന്യത്തെ പരാജയപ്പെടുത്തിയത് യുദ്ധത്തിലെ നിർണായക വഴിത്തിരിവായിരുന്നു.

### പ്രധാന വ്യക്തികൾ

* മണിപ്പൂരിൽ ബ്രിട്ടീഷ് വിരുദ്ധ പ്രക്ഷോഭങ്ങൾക്കു നേതൃത്വം പകർന്ന വനിതയാണ് Rani Gaidinliu (1915-1993) . പേരിനു മുന്നിൽ റാണി എന്ന് വിശേഷണം ചാർത്തിയത് ജവാഹർലാൽ നെഹ്റുവാണ്.
* മണിപ്പൂരിലെ ഉരുക്കുവനിത എന്നറിയപ്പെടുന്നത് ഐറോം ശർമിളയാണ്. മണിപ്പൂരിൽ നിലനിൽക്കുന്ന പ്രത്യേക സായുധ നിയമം റദ്ദാക്കണമെന്ന് ആവശ്യപ്പെട്ടാണ് ഐറോം ശർമിള സമരം ചെയ്യുന്നത്.
* മണിപ്പൂരിനെ ഇന്ത്യൻ യൂണിയന്റെ ഭാഗമാക്കുന്നതിനുള്ള ലയന ഉടമ്പടിയിൽ 1949 സെപ്തംബർ 21-ന് ഒപ്പുവച്ചത് ബുധചന്ദ്ര മഹാരാജാവാണ്. 1956-ൽ കേന്ദ്ര ഭരണ പ്രദേശമായ മണിപ്പൂരിന് 1972-ലാണ് സംസ്ഥാനപദവി ലഭിച്ചത്.

### പ്രധാന സ്ഥലങ്ങൾ

* മാവോ ഹിൽ സ്റ്റേഷൻ ഏത് സംസ്ഥാനത്ത്- **മണിപ്പൂർ**
* പായ്തൗ തടാകം ഏത് സംസ്ഥാനത്ത്- **മണിപ്പൂർ**
* മണിപ്പൂരിലെ ഏക വിമാനത്താവളം- **ഇംഫാൽ**
* കാംഗ്ല കൊട്ടാരം ഇംഫാലിലാണ്.
* ഐ.എൻ.എ. മ്യൂസിയം മൊയ്‌രാങിലാണ്.

## മേഘാലയ

### പ്രത്യേകതകൾ

* കിഴക്കിന്റെ സ്കോട്ലൻഡ് എന്നറിയപ്പെടുന്ന സംസ്ഥാനം
* മേഘങ്ങളുടെ പാർപ്പിടം എന്നറിയപ്പെടുന്ന സംസ്ഥാനം
* ഇന്ത്യൻ റെയിൽവേ ഭൂപടത്തിൽ ഏറ്റവുമൊടുവിൽ സ്ഥാനം പിടിച്ച വടക്കു കിഴക്കൻ സംസ്ഥാനം

### ആദ്യത്തേത്

* അസം റൈഫിൾസിന്റെ ആസ്ഥാനം- **ഷില്ലോങ്** (ഇന്ത്യയിലെ ഏറ്റവും പഴക്കമുള്ള അർധ സൈനിക വിഭാഗമാണിത്)
* അസം റൈഫിൾസിന്റെ പഴയ പേര്- **കാച്ചാർ ലെവി**
* Sentinels of North East എന്നറിയപ്പെടുന്ന സൈനിക വിഭാഗം- **അസം റൈഫിൾസ്**
* മേഘാലയ മുഖ്യമന്ത്രിയായ ആദ്യ സ്വതന്ത്രനാണ് Dr F A Khonglam (2002).

### പ്രധാനപ്പെട്ട വസ്തുതകൾ

* മേഘാലയയിലെ പ്രധാന മതം- **ക്രിസ്തുമതം**
* ഖാസികളും കുക്കികളും ഏതു സംസ്ഥാനത്തെ ജനതയാണ്- **മേഘാലയ**
* ഖാസി ഭാഷ ഏതു സംസ്ഥാനത്തെ ഭാഷയാണ്- **മേഘാലയ**
* മേഘാലയയുമായി അതിർത്തി പങ്കിടുന്ന ഏക അയൽരാജ്യം- **ബംഗ്ലാദേശ്**
* ചിറാപൂഞ്ചിയുടെ പുതിയ പേര്- **സോഹ്റ**
* ചിറാപൂഞ്ചി സ്ഥിതിചെയ്യുന്നത് ഖാസി കുന്നുകളിലാണ്.
* നോക്രെക് ബയോസ്ഫിയർ റിസർവ് സ്ഥിതി ചെയ്യുന്ന സംസ്ഥാനം- **മേഘാലയ**
* 2013 മാർച്ച് 25-ന് മേഘാലയ ഹൈക്കോടതി ഷില്ലോങ് ആസ്ഥാനമായി നിലവിൽവന്നു.
* ഷില്ലോങ്ങിലെ ഐ.ഐ.എമ്മിൽ വച്ചാണ് മുൻ രാഷ്ട്രപതി എ.പി.ജെ.അബ്ദുൾ കലാം അന്തരിച്ചത് (2015).
* ഇന്ത്യയിൽ കാണപ്പെടുന്ന ഏക ആൾക്കുരങ്ങ് (ഏപ്) ആണ് Hoolock.

### പ്രധാന സ്ഥലങ്ങൾ

* നോക്രെക് ദേശീയോദ്യാനം ഏതു സംസ്ഥാനത്താണ്- **മേഘാലയ**
* ഉമിയാം തടാകം ഏതു സംസ്ഥാനത്താണ്- **മേഘാലയ**
* മോസ്മായ് വെള്ളച്ചാട്ടം ഏതു സംസ്ഥാനത്താണ്- **മേഘാലയ**
* എലിഫന്റ് വെള്ളച്ചാട്ടം ഏതു സംസ്ഥാനത്താണ്- **മേഘാലയ**
* ഗാരോ, ജയന്തിയ,ഖാസി കുന്നുകൾ ഏതു സംസ്ഥാനത്താണ്- **മേഘാലയ**
* ലേഡി ഹിലാരി പാർക്ക് ഏതു സംസ്ഥാനത്താണ്- **മേഘാലയ**
* ഉംറോയി വിമാനത്താവളം ഏത് സംസ്ഥാനത്താണ്- **മേഘാലയ**
* സിജു വന്യജീവി സങ്കേതം ഏത് സംസ്ഥാനത്താണ്- **മേഘാലയ**

### സൂപ്പർലേറ്റീവുകൾ

* ഇന്ത്യയിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന മൗസിൻറം ഏതു സംസ്ഥാനത്താണ്- **മേഘാലയ**
* മേഘാലയയാണ് ജനസംഖ്യ വർധന നിരക്കിൽ ഒന്നാം സ്ഥാനത്തുള്ള സംസ്ഥാനം (27.8%).
* ഇന്ത്യയിലെ ഏറ്റവും ഉയരം കൂടിയ plunge type waterfall ആണ് ഈസ്റ്റ് ഖാസി ഹിൽസിലെ നോഹ്കാലികൈ വെള്ളച്ചാട്ടം (1115 അടി).



## Selected Questions

1. The official languages of Manipur are Manipuri and ........
(a) English (b) Bengali
(c) Tripuri (d) Nishi
2. Which state is known as the 'Switzeland of the East'?
(a) Meghalaya (b) Mizoram
(c) Manipur (d) Tripura
3. Manipuri language is also known as:
(a) Meiteilon (b) Lepcha
(c) Nishi (d) Apatami
4. Keibul Lamjao National Park is the last natural habitat of the marsh-friendly brow-antlered deer. It is also known as:
(a) Sambar (b) Hoolock
(c) Sangai (d) None of these
5. The first state to introduce Oak Tasar Industry:
(a) Mizoram (b) Meghalaya
(c) Tripura (d) Manipur
6. Civil rights activist, political activist, journalist and poet who is known as the 'Iron lady of Manipur':
(a) Irom Sharmila Chanu (b) Arundhathy Roy
(c) Ruksana Kausar (d) None of these



7. In which year Manipuri language was included in the 8th Schedule of the Constitution:
(a) 1991 (b) 1992
(c) 1994 (d) 1995
8. 'Scotland of the East':
(a) Kohima (b) Shillong
(c) Aiswal (d) Imphal
9. Nokrek National Park is in:
(a) Asom (b) Mizoram
(c) Meghalaya (d) Nagaland
10. Khasi and Kukis are the people of:
(a) Orissa (b) Nagaland
(c) Tripura (d) Meghalaya
11. Garo Hills are in:
(a) Tripura (b) Meghalaya
(c) Sikkim (d) Asom
12. The largest religion of Meghalaya:
(a) Christian (b) Animist
(c) Hindu (d) Muslim
13. The largest ethnic group of Meghalaya:
(a) Khasi (b) Garo
(c) Bengali (d) Nepali
14. The only ....... found in India is Hoolock
(a) Antelope (b) Ape
(c) Rhinocerus (d) Giraffe
15. ........ in Meghalaya is the place which receives the highest rain fall in India.
(a) Umroi (b) Shillong
(c) Mawsynram (d) Mosmai

### Answers

1(a) 2(c) 3(a) 4(c) 5(d)6(a) 7(b) 8(b) 9(c) 10(d) 11(b) 12(a) 13(a) 14(b) 15(c)

# ജില്ലകളിലൂടെ–5

# കോട്ടയം






## പ്രത്യേകതകൾ

* റബർ ഏറ്റവും കൂടുതൽ ഉൽപാദിപ്പിക്കുന്ന ജില്ല
* സമുദ്രതീരമില്ലാത്തതും കേരളത്തിലെ ജില്ലകളുമായി മാത്രം അതിർത്തി പങ്കിടുന്നതുമായ ജില്ല
* ഇന്ത്യയിലെ ആദ്യത്തെ പുകയില വിമുക്ത ജില്ല
* മൂന്ന് L കളുടെ നാട് (Lakes, Latex, Letters).
* സമ്പൂർണ സാന്ത്വന പരിചരണജില്ല എന്ന നേട്ടം കൈവരിച്ച ജില്ല.

## ആദ്യത്തെത്

* കേരളത്തിലെ ആദ്യത്തെ ജോയിൻറ് സ്റ്റോക്ക് കമ്പനി– **മലയാള മനോരമ** (1888–ലാണ് സ്ഥാപിതമായത്. മനോരമ പത്രം ആരംഭിച്ചത് 1890–ൽ.)
* അയിത്തത്തിനെതിരെ ഇന്ത്യയിൽ നടന്ന ആദ്യ സംഘടിതസമരം– **വൈക്കം സത്യഗ്രഹം (1924–25).**
* കേരളത്തിലെ ആദ്യത്തെ റബറൈസ്ഡ് റോഡ്– **കോട്ടയം– കുമളി**
* കേരളത്തിൽ മലയാളം അച്ചടിക്കുന്ന ആദ്യത്തെ പ്രസ് കോട്ടയത്ത് സ്ഥാപിച്ചത്– **ബെഞ്ചമിൻ ബെയ്‌ലി** (1821)
* സമ്പൂർണ സാക്ഷരത നേടിയ ഇന്ത്യയിലെ ആദ്യത്തെ പട്ടണം– **കോട്ടയം**
* മലയാളത്തിലെ ആദ്യ യാത്രാവിവരണഗ്രന്ഥം രചിച്ചത്– **പാറേമ്മാക്കൽ തോമാക്കത്തനാർ**
* മലയാളത്തിൽ ആദ്യമായി ബൈബിൾ പ്രസിദ്ധീകരിച്ചത് എവിടെനിന്നാണ് – **കോട്ടയം**
* ഇന്ത്യയിലെ ആദ്യത്തെ ഉൾനാടൻ തുറമുഖം– **നാട്ടകം**
* മലയാളികളാൽ പ്രസിദ്ധീകരിക്കപ്പെട്ട ആദ്യത്തെ മലയാള പത്രമാണ് ജ്ഞാനനിക്ഷേപം (1848). ആർച്ച് ഡീക്കൻ കോശിയും റവറന്റ് ജോർജ് മാത്തനുമാണ് ഇതിന് പിന്നിൽ പ്രവർത്തിച്ചത്.
* ലോഹങ്ങളുപയോഗിച്ച് (അച്ചുകൂടത്തിൽ) അച്ചടിച്ച ആദ്യത്തെ മലയാള പത്രവും വിഷയവിവരങ്ങൾ നൽകിയ ആദ്യത്തെ മലയാള പത്രവും ആണ് ജ്ഞാനനിക്ഷേപം.
* ഒരു വ്യക്തിയുടെ പേരിൽ അറിയപ്പെട്ട കേരളത്തിലെ ആദ്യത്തെ സർവകലാശാല– **മഹാത്മാ ഗാന്ധി സർവകലാശാല** (ആദ്യത്തെ പേര് ഗാന്ധിജി സർവകലാശാല)
* ഇന്ത്യയിലെ ആദ്യത്തെ തണ്ണീർത്തട ഗവേഷണ കേന്ദ്രം സ്ഥാപിക്കപ്പെട്ടത് കോട്ടയത്താണ്.
* കോട്ടയം സിഎംഎസ് ഹൈസ്കൂളിലാണ് കേരളത്തിലാദ്യമായി സ്കൗട്ട് പ്രസ്ഥാനം ആരംഭിച്ചത്.
* വൈസ് ചാൻസലർ പദവിയിലെത്തിയ ആദ്യത്തെ മലയാളി വനിതയാണ് ഡോ. ജാൻസി ജെയിംസ് (എം.ജി.യൂണിവേഴ്സിറ്റി).
* കേരളത്തിലെ ആദ്യത്തെ വിദ്യാലയ പ്രസിദ്ധീകരണമാണ് 1864–ൽ സിഎംഎസ് കോളേജിൽ നിന്ന് പുറത്തിറങ്ങിയ വിദ്യാസംഗ്രഹം. മലയാളത്തിലെ ആദ്യകാല നോവലുകളിലൊന്നായ 'ഘാതകവധം ' പ്രസിദ്ധീകരിച്ചത് വിദ്യാസംഗ്രഹത്തിലാണ്.
* കേരളത്തിലാദ്യമായി ലോട്ടറി നടത്തിയത് വൈക്കത്തു പാച്ചുമൂത്തതാണ് .ശുചിന്ദ്രം ക്ഷേത്രത്തിന്റെ പുനരുദ്ധാരണത്തിനുവേണ്ടി ധനസമാഹരണം നടത്താൻ ശ്രീമൂലം തിരുനാൾ രാജാവ് അനുമതി നൽകിയതു പ്രകാരമാണ് ലോട്ടറി നടത്തിയത്.
* മിസ് ഇന്ത്യാ പട്ടം നേടിയ ആദ്യ മലയാളിയാണ് പാർവതി ഓമനക്കുട്ടൻ (2008).
* ചുമർചിത്രനഗരമായി പ്രഖ്യാപിക്കപ്പെട്ട കേരളത്തിലെ ആദ്യത്തെ നഗരമാണ് കോട്ടയം.
* കേന്ദ്ര സാഹിത്യ അക്കാദമിയുടെ ഫെലോഷിപ്പ് നേടിയ ആദ്യ മലയാളിയാണ് വൈക്കം മുഹമ്മദ് ബഷീർ.



* പാലാ നാരായണൻ നായർക്കാണ് ആദ്യത്തെ വള്ളത്തോൾ പുരസ്കാരം ലഭിച്ചത്. കേരളം വളരുന്നു എന്ന കൃതി രചിച്ചത് ഇദ്ദേഹമാണ്.
* വിശുദ്ധയായി (canonised) പ്രഖ്യാപിക്കപ്പെട്ട ആദ്യ ഇന്ത്യൻ വനിതയാണ് അൽഫോൻസാമ്മ .
* ഒരു വ്യക്തിയുടെ പേരിൽ അറിയപ്പെടുന്ന കേരളത്തിലെ ആദ്യ സർവകലാശാലയാണ് മഹാത്മാഗാന്ധി സർവകലാശാല.



* കേരള പൊലീസിന്റെ ആദ്യത്തെ സെൻട്രലൈസ്ഡ് ലോക്കപ്പ് സ്ഥാപിച്ചത് കോട്ടയത്താണ്.
* മാന്നാനം സെന്റ് ജോസഫ്സ് പ്രസിൽ നിന്ന് അച്ചടിച്ച ആദ്യ പുസ്തകമാണ് ജ്ഞാനപീയൂഷം.
* മലയാളത്തിലെ ഏറ്റവും പഴക്കമുള്ള പത്രമായ ദീപിക പ്രസിദ്ധീകരണമാരംഭിച്ചത് മാന്നാനം സെന്റ് ജോസഫ്സ് പ്രസിൽ നിന്നാണ്.
* മലയാളം അച്ചടിയെയും ലിപിവിന്യാസത്തെയും മാറ്റിമറിച്ച ചന്ദ്രക്കല ചിഹ്നം ആദ്യമായി ഉപയോഗിച്ചത് കണ്ടത്തിൽ വറുഗീസ് മാപ്പിളയാണ്.
* ഇന്ത്യയിലെ കത്തോലിക്കാസഭയുടെ പ്രഥമ രാജ്യാന്തര തീർഥാടന കേന്ദ്രമാണ് മലയാറ്റൂർ.
* കേരളനിയമസഭയിൽ അംഗമായ ആദ്യത്തെ (മുൻ) ഐ.എ.എസ്. ഉദ്യോഗസ്ഥനാണ് അൽഫോൻസ് കണ്ണന്താനം.
* മസൂറിയിലെ നാഷണൽ അക്കാദമി ഓഫ് അഡ്മിനിസ്ട്രേഷൻ ഏർപ്പെടുത്തിയ ആദ്യത്തെ ദേശീയ ഫെലോഷിപ്പിന് അർഹനായ കേരള കേഡർ ഐ.എ.എസ്. ഉദ്യോഗസ്ഥനാണ് സി.വി.ആനന്ദബോസ്.
* കേരളത്തിലാദ്യമായി ഒരു സർക്കാർ ആശുപത്രിയിൽ ഹൃദയമാറ്റ ശസ്ത്രക്രിയ നടത്തിയത് കോട്ടയം മെഡിക്കൽ കോളേജിലാണ് (2015). ഡോ.ടി.കെ.ജയകുമാറാണ് ഇതിന് നേതൃത്വം നൽകിയത്.
* കേരളത്തിലെ മാധ്യമചരിത്രത്തിൽ ആദ്യമായി നിരോധിക്കപ്പെട്ട പത്രമാണ് സന്ദിഷ്ടവാദി.
* ഫാക്സിമിലി സംവിധാനം ഏർപ്പെടുത്തിയ ആദ്യത്തെ മലയാള പത്രമാണ് മലയാള മനോരമ.
* മലയാളത്തിലെ ആദ്യത്തെ സ്പോർട്സ് പ്രസിദ്ധീകരണങ്ങളിലൊന്നായ സ്പോർട്സ് ഹെറാൾഡ് പുറത്തിറക്കിയത് കോട്ടയത്താണ്. ബി.പി.മൊയ്തീനാണ് അതിനുപിന്നിൽ പ്രവർത്തിച്ചത്.
* ഇന്ത്യയിലെ ആദ്യത്തെ നിയമസാക്ഷര നഗരമായി പ്രഖ്യാപിക്കാൻ പോകുന്നത് ചങ്ങനാശ്ശേരിയെ ആണ്.

## സൂപ്പർലേറ്റീവുകൾ

* കേരളത്തിലെ ഏറ്റവും പഴക്കമുള്ള പത്രം **– ദീപിക (1887ൽ സ്ഥാപിതം)**
* കേരളത്തിലെ ഏറ്റവും പ്രചാരമുള്ള പത്രം– **മലയാള മനോരമ** (ഇന്ത്യയിലെ ഏറ്റവും പ്രചാരമുള്ള പ്രാദേശിക ഭാഷാ ദിനപ്പത്രം)
* ഏറ്റവും കൂടുതൽദൂരം പൊതുമരാമത്ത് റോഡുകളുള്ള ജില്ല കോട്ടയമാണ്.
* കേരളത്തിൽ ഒരു അസംബ്ലി മണ്ഡലത്തിൽനിന്ന് (പാല) ഏറ്റവും കൂടുതൽ തവണ ജയിച്ച് നിയമസഭാംഗമായ വ്യക്തി കെ.എം.മാണിയാണ്. 1965–ൽ ആയിരുന്നു ആദ്യ ജയം. എന്നാൽ അപ്രാവശ്യം നിയമസഭ ചേർന്നില്ല. 1967 മുതൽ തുടർച്ചയായ വിജയം.



* ലോകത്തിലെ ഏറ്റവും ചെറിയ പശു ഇനമായ വെച്ചൂർ പശുവിന്റെ ജന്മദേശം വൈക്കത്തെ വെച്ചൂർ ഗ്രാമമാണ്.
* കേരളത്തിലെ ഏറ്റവും പഴക്കമുള്ള രണ്ടാമത്തെ പബ്ലിക് ലൈബ്രറി കോട്ടയം പബ്ലിക് ലൈബ്രറിയാണ്.
* കേരളത്തിൽ നിന്ന് കിട്ടിയിട്ടുള്ളതിൽവച്ച് ഏറ്റവും പഴയ ലിഖിതമാണ് വാഴപ്പള്ളി ശാസനം. എ.ഡി.830–ൽ വാഴപ്പള്ളി മഹാദേവ ക്ഷേത്രത്തിൽ ഒത്തുചേർന്ന നാട്ടുപ്രമാണിമാരും പത്തില്ലത്തിൽ പോറ്റിമാരും രാജാവുമായി നാട്ടുക്കൂട്ടം കൂടി തിരുവാറ്റാ ക്ഷേത്രത്തിലെ  മുട്ടുബലിയെക്കുറിച്ച് തീരുമാനങ്ങളെടുക്കുന്നതാണ് ഇതിലെ പ്രമേയം.
* ഏറ്റവും കൂടുതൽ പ്രവാസിമലയാളികളുള്ള മുനിസിപ്പാലിറ്റി കോട്ടയമാണ്.

**അപരനാമങ്ങൾ**

* 'അക്ഷരനഗരം' എന്നറിയപ്പെടുന്നത്– **കോട്ടയം**
* 'ഹൈറേഞ്ചിലേക്കും കുട്ടനാട്ടിലേക്കുമുള്ള കവാടം' എന്നറിയപ്പെടുന്നത്– **ചങ്ങനാശ്ശേരി**
* 'ദക്ഷിണ മൂകാംബിക' എന്നറിയപ്പെടുന്നത്– **പനച്ചിക്കാട് ക്ഷേത്രം**

**പ്രധാനപ്പെട്ട വസ്തുതകൾ**

* കോട്ടയം ജില്ലയിലെ പ്രശസ്തമായ പക്ഷി സങ്കേതം– **കുമരകം**
* ഏത് നദിയുടെ തീരത്താണ് കോട്ടയം– **മീനച്ചിൽ**
* ഏത് ക്ഷേത്രത്തിലാണ് നടരാജന്റെ



ചിത്രം– **ഏറ്റുമാനൂർ**

(തുടരും)



**കർഫ്യു വകവയ്ക്കാതെ യോഗംചേർന്ന ജനക്കൂട്ടത്തിനുനേരെ അമൃത്സറിലെ മിലിട്ടറി കമാൻഡറായിരുന്ന ജനറൽ റജിനാൾഡ് ഡയറിന്റെ നേതൃത്വത്തിൽ പട്ടാളം പത്തുമിനിട്ടോളം തുടർച്ചയായി നിറയൊഴിച്ചതിന്റെ ഫലമായി സ്ത്രീകളും കുട്ടികളുമടക്കം നൂറുകണക്കിനുപേർ കൊല്ലപ്പെട്ട സംഭവമാണ് ജാലിയൻവാലാ ബാഗ് കൂട്ടക്കൊല എന്നറിയപ്പെടുന്നത്. ജാലിയൻവാലാബാഗ് കൂട്ടക്കൊലയിൽ പ്രതിഷേധിച്ച് രബീന്ദ്രനാഥ് ടാഗോർ സർ പദവി(നൈറ്റ്ഹുഡ്) ഉപേക്ഷിച്ചു. അവഹേളനത്തിന്റെ ഈ മുഹൂർത്തത്തിൽ ബഹുമതി ചിഹ്നങ്ങൾ നമ്മുടെ അപമാനം കൂടുതൽ പ്രകടമാക്കുന്നു. എനിക്ക് ലഭിച്ച എല്ലാ പ്രത്യേക ബഹുമതികളും ഞാൻ ഇതാ ഉപേക്ഷിക്കുന്നു-1919 മെയ് 31-ന് സർ ഉപേക്ഷിച്ചുകൊണ്ട് വൈസ്രോയിക്ക് ടാഗോർ എഴുതി.ഗാന്ധിജി തനിക്ക് മുമ്പ് ബോയർ യുദ്ധക്കാലത്ത് ബ്രിട്ടീഷ് സർക്കാരിൽനിന്ന് ലഭിച്ച കൈസർ-ഇ-ഹിന്ദ് ബഹുമതിയും ബ്രിട്ടീഷ് സർക്കാരിന് തിരികെ നൽകി......ഇന്ത്യാചരിത്രം രക്തപങ്കിലമായ മറ്റൊരധ്യായത്തിലൂടെ കടന്നു പോകുകയാണ്.**

# റൗലറ്റ് നിയമവും ജാലിയൻവാലാബാഗ് കൂട്ടക്കൊലയും

## ഖിലാഫത്ത് പ്രസ്ഥാനം

ഒന്നാം ലോകമഹായുദ്ധാനന്തരം ബ്രിട്ടനുൾപ്പെടെയുള്ള സഖ്യകക്ഷികൾ തുർക്കി (ഒട്ടോമൻ) സാമ്രാജ്യത്തോട് കൈക്കൊണ്ട സമീപനം ലോകമുസ്ലിങ്ങളെ അസ്വസ്ഥരാക്കി. കാരണം, ഒട്ടോമൻ സാമ്രാജ്യത്തെ ബ്രിട്ടണും സഖ്യകക്ഷികളും അധിക്ഷേപിക്കുകയും വിഭാഗിക്കുകയും തുർക്കിരാജ്യത്തിൽനിന്ന് ത്രേസിനെ അടർത്തിമാറ്റുകയുമുണ്ടായി. ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്ന ലോയ്ഡ് ജോർജിന്റെ വാഗ്ദാനങ്ങളുടെ ലംഘനമായിരുന്നു ഇത്. തങ്ങളുടെ ആത്മീയ നേതാവായ ഖലീഫയുടെ സ്ഥാനമാണ് തുർക്കി സുൽത്താന് മുസ്ലിങ്ങൾ കൽപിച്ചിരുന്നത്. തങ്ങളുടെ വിശുദ്ധനാടുകളായി കണക്കാക്കിയിരുന്ന പ്രദേശങ്ങളുടെ മേൽ തുർക്കി സുൽത്താനുള്ള അധികാരം ഇല്ലാതാകരുതെന്ന് മുസ്ലിങ്ങൾ ആഗ്രഹിച്ചു. ഓട്ടോമൻ സാമ്രാജ്യത്തെ സംരക്ഷിക്കുന്നതിനായി ഇന്ത്യയിലെ മുസ്ലിങ്ങൾ ഖിലാഫത്ത് പ്രസ്ഥാനത്തിൽ അണിചേർന്നു (1919). ഗാന്ധിജി ഈ പ്രസ്ഥാനത്തിന് അനുകൂലനിലപാടെടുത്തതോടെ അത് ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി മാറി. മൗലാന മുഹമ്മദലി, ഷൗക്കത്തലി (അലി സഹോദരൻമാർ), ഹക്കിം, അജ്മൽ ഖാൻ, ഹസ്രത്ത് മൊഹാനി എന്നിവരുടെ നേതൃത്വത്തിലാണ് അഖിലേന്ത്യാ ഖിലാഫത്ത് കമ്മിറ്റി രൂപവത്കരിച്ചത്. 1919 നവംബറിൽ ഡൽഹിയിൽ ഖിലാഫത്ത് കോൺഫറൻസ് നടന്നു. ഗാന്ധിജി, മദൻ മോഹൻ മാളവ്യ, മോത്തിലാൽ നെഹ്റു എന്നിവർ അതിൽ പങ്കെടുത്തു. ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ ആവശ്യങ്ങൾ അംഗീകരിച്ചില്ലെങ്കിൽ ഗവൺമെന്റിനുള്ള എല്ലാ സഹകരണവും പിൻവലിക്കണമെന്ന് സമ്മേളനം തീരുമാനമെടുത്തു. ഖിലാഫത്തിനോടൊപ്പം നിസ്സഹകരണ പ്രസ്ഥാനത്തിലും അണിചേരാൻ ഗാന്ധിജി ജനങ്ങളോട് ആഹ്വാനം നടത്തി. ഹിന്ദു-മുസ്ലിം ഐക്യം ഉറപ്പിക്കാനും മുസ്ലിങ്ങളെ ദേശീയ പ്രസ്ഥാനത്തിലേക്ക് കൊണ്ടുവരാനുമുള്ള ഒരു സുവർണാവസരമായിട്ടാണ് ബാലഗംഗാധര തിലകനും ഗാന്ധിജിയും ഖിലാഫത്ത് പ്രക്ഷോഭണത്തെ കണ്ടത്.

## റൗലറ്റ് നിയമം

വർധിച്ചുവരുന്ന വിധ്വംസക പ്രവർത്തനങ്ങൾക്കു തടയിടുക എന്ന ലക്ഷ്യത്തോടെ 1919-ൽ ബ്രിട്ടീഷ് ഗവൺമെന്റ് റൗലറ്റ് നിയമം എന്നറിയപ്പെടുന്ന അനാർക്കിയൽ ആന്റ് റവലൂഷണറി ക്രൈംസ് ആക്ട് പാസാക്കി. ഈ നിയമപ്രകാരം ഏതൊരു വ്യക്തിയെയും വിചാരണ കൂടാതെ അറസ്റ്റുചെയ്യാനും തടവിലാക്കാനുമുള്ള അധികാരം ഗവൺമെന്റിൽ നിക്ഷിപ്തമായി. സെൻട്രൽ ലജിസ്ലേറ്റീവ് കൗൺസിലിലെ ഇന്ത്യക്കാരായ എല്ലാ അംഗങ്ങളും എതിർത്തിട്ടും ഗവൺമെന്റ് ഈ നിയമം പാസാക്കുകയായിരുന്നു. ബ്രിട്ടണിൽ പൗരസ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനമായിരുന്ന ഹേബിയസ് കോർപ്പസ് അവകാശം താല്കാലികമായി ഇല്ലാതാക്കാനും ഈ നിയമം ഗവൺമെന്റിനെ പ്രാപ്തമാക്കി. ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിൽ ഗാന്ധിജി തന്റെ ശക്തമായ സാന്നിധ്യം അറിയിച്ചത് റൗലറ്റ് നിയമത്തിനെതിരായ സത്യാഗ്രഹത്തിലൂടെയായിരുന്നു. 1919 ഏപ്രിൽ ആറിന് രാജ്യവ്യാപകമായി ഗാന്ധിജിയുടെ നേതൃത്വത്തിൽ ഹർത്താലാചരിച്ചു.

## ജാലിയൻവാലാബാഗ് കൂട്ടക്കൊല

ജാലിയൻവാലാബാഗ് കൂട്ടക്കൊല അഥവാ അമൃത്സർ കൂട്ടക്കൊല നടന്നത് 1919 ഏപ്രിൽ 13-നാണ്. പഞ്ചാബിലെ നേതാക്കളായ സെയ്ഫുദ്ദീൻ കിച്ച്‌ലു, സത്യപാൽ എന്നിവരെ അറസ്റ്റുചെയ്തതിൽ പ്രതിഷേധിക്കുന്നതിനുവേണ്ടി 1919 ഏപ്രിൽ 10-ന് അമൃത്സറിൽ ഹർത്താലാചരിച്ചു. അമൃതസർ ഡപ്യൂട്ടി കമ്മിഷണറുടെ വസതിയിലേക്ക് നടന്ന പ്രതിഷേധ റാലിക്ക് നേരെ പൊലീസ് വെടിവച്ചു. ഇതിൽ കോപാകുലരായ ജനക്കൂട്ടം ബാങ്കുകൾക്കും സർക്കാർ സ്ഥാപനങ്ങൾക്കും തീവച്ചു. അക്രമങ്ങളിൽ അഞ്ച് യൂറോപ്യൻമാരും ഇരുപതിലേറെ ഇന്ത്യക്കാരും കൊല്ലപ്പെട്ടു. ഏപ്രിൽ 13-ന് പഞ്ചാബിൽ പട്ടാളനിയമം ഏർപ്പെടുത്തി. പൊതുയോഗങ്ങളും ഘോഷയാത്രകളും നിരോധിച്ചു.

1919 ഏപ്രിൽ 13 സിഖുകാരുടെ വൈശാഖി ഉത്സവദിനമായിരുന്നു. ആ ദിവസം അമൃതസറിനടുത്തുള്ള ജാലിയൻവാലാബാഗ് മൈതാനത്ത് പൊലീസ് അതിക്രമങ്ങളിൽ പ്രതിഷേധിക്കാൻ ഒരു പൊതുയോഗം സംഘടിപ്പിച്ചു. കർഫ്യു വകവയ്ക്കാതെ യോഗംചേർന്ന ജനക്കൂട്ടത്തിനുനേരെ അമൃത്സറിലെ മിലിട്ടറി കമാൻഡറായിരുന്ന ജനറൽ റജിനാൾഡ് ഡയറിന്റെ നേതൃത്വത്തിൽ പട്ടാളം പത്തുമിനിട്ടോളം തുടർച്ചയായി നിറയൊഴിച്ചതിന്റെ ഫലമായി സ്ത്രീകളും കുട്ടികളുമടക്കം നൂറുകണക്കിനുപേർ കൊല്ലപ്പെട്ട സംഭവമാണ് ജാലിയൻവാലാ ബാഗ് കൂട്ടക്കൊല എന്നറിയപ്പെടുന്നത്.

ഈ സംഭവത്തിൽ 1650 റൗണ്ട് വെടിവച്ചു എന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. വെടിക്കോപ്പുകൾ തീരുംവരെ വെടിയുതിർക്കുകയുണ്ടായി. ആയിരത്തോളം പേർ ഈ സംഭവത്തിൽ കൊല്ലപ്പെട്ടു എന്നാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ കണക്ക്.



## പ്രതിഷേധ നിലപാടുകൾ

സർവീസിൽ നിന്ന് പുറത്താക്കപ്പെട്ടെങ്കിലും ജനറൽ ഡയറിന് ബ്രിട്ടണിൽ വീരപരിവേഷമാണ് ലഭിച്ചത്. ജാലിയൻവാലാബാഗ് കൂട്ടക്കൊലയിൽ പ്രതിഷേധിച്ച് രബീന്ദ്രനാഥ് ടാഗോർ സർ പദവി(നൈറ്റ്ഹുഡ്) ഉപേക്ഷിച്ചു. അവഹേളനത്തിന്റെ ഈ മുഹൂർത്തത്തിൽ ബഹുമതി ചിഹ്നങ്ങൾ നമ്മുടെ അപമാനം കൂടുതൽ പ്രകടമാക്കുന്നു. എനിക്ക് ലഭിച്ച എല്ലാ പ്രത്യേക ബഹുമതികളും ഞാൻ ഇതാ ഉപേക്ഷിക്കുന്നു-1919 മെയ് 31-ന് സർ ഉപേക്ഷിച്ചുകൊണ്ട് വൈസ്രോയിക്ക് ടാഗോർ എഴുതി.ഗാന്ധിജി തനിക്ക് മുമ്പ് ബോയർ യുദ്ധക്കാലത്ത് ബ്രിട്ടീഷ് സർക്കാരിൽനിന്ന് ലഭിച്ച കൈസർ-ഇ-ഹിന്ദ് ബഹുമതിയും ബ്രിട്ടീഷ് സർക്കാരിന് തിരികെ നൽകി. ടാഗോറിന്റെയും ഗാന്ധിജിയുടെയും സുഹൃത്ത് സി.എഫ്. ആൻഡ്രൂസ് ജാലിയൻവാലാബാഗ് സന്ദർശിച്ചശേഷം മഹാദേവ് ദേശായിക്ക് എഴുതിയ കത്തിൽ ഈ സംഭവത്തെ കശാപ്പ് എന്നാണ് വിശേഷിപ്പിച്ചത്.

## ഹണ്ടർ കമ്മിറ്റിയും കോൺഗ്രസിന്റെ പ്രതികരണവും

ഇന്ത്യയിലും ഇംഗ്ലണ്ടിലും അമൃത്സർ ദുരന്തത്തിൽ പൊതുജനരോഷം ഉയർന്ന പശ്ചാത്തലത്തിൽ ജാലിയൻവാലാബാഗ് കൂട്ടക്കൊലയെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ബ്രിട്ടീഷ് സർക്കാർ ഒരു അന്വേഷണ കമ്മിഷനെ ഹണ്ടർ പ്രഭുവിന്റെ അധ്യക്ഷതയിൽ നിയമിച്ചു. ബ്രിട്ടീഷുകാർ നാമനിർദ്ദേശം ചെയ്ത നാല് ഇന്ത്യക്കാരും ഈ സമതിയിൽ ഉണ്ടായിരുന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഈ സമിതിയെ ബഹിഷ്കരിക്കാനും ഒരു അനൗദ്യോഗിക കമ്മിറ്റിയെ നിയമിക്കാനും തീരുമാനിച്ചു. ഇപ്രകാരം നിയമിതമായ കമ്മിറ്റിയിൽ മോത്തിലാൽ നെഹ്റു, സി.ആർ.ദാസ്, അബ്ബാസ് തയ്യബ്ജി, എം.ആർ.ജയകർ, ഗാന്ധിജി എന്നിവർ അംഗങ്ങളായിരുന്നു. ഹണ്ടർ കമ്മിറ്റി അതിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുമുമ്പ് ഗവൺമെന്റ് അതിന്റെ ഓഫീസർമാരെ സംരക്ഷിക്കുന്നതിനായി ഒരു ഇൻഡെംനിറ്റി ആക്ട് പാസാക്കുകയുണ്ടായി. മോത്തിലാൽ നെഹ്റു ഈ നടപടിയെ വെള്ളപൂശൽ ശ്രമം എന്നു വിശേഷിപ്പിച്ച് നിശിതമായി വിമർശിച്ചു.

## പിൽക്കാലത്ത് ഉദ്ദംസിങിന്റെ പ്രതികാരം

1919 മാർച്ചിൽനടന്ന കൂട്ടക്കൊലയ്ക്ക് 1940-ൽ കണക്കുതീർത്ത ദേശാഭിമാനിയാണ് ഉദ്ദംസിങ്. ജാലിയൻവാലാബാഗ് കൂട്ടക്കൊലയുടെ സമയത്ത് ആ നടപടിയെ ന്യായീകരിച്ച പഞ്ചാബിലെ ലഫ്റ്റനന്റ് ഗവർണർ മൈക്കൽ ഒഡയറിനെ 1940 മാർച്ച് 13-ന് ലണ്ടനിലെ കാക്സ്റ്റൺ ഹാളിൽവച്ച് ഉദ്ദംസിങ് വെടിവച്ചുകൊന്നു. ബ്രിട്ടീഷ് കോടതി ഉദ്ദംസിങിന് വധശിക്ഷ വിധിച്ചു. 1940 ജൂലൈ 31-ന് അദ്ദേഹത്തെ തൂക്കിലേറ്റി. ●

# Instant Notes

# ഇന്ത്യയിലെ ഏറ്റവും പ്രായം കുറഞ്ഞ ഗവർണർ

* 1869–ൽ ഗാന്ധിജിയുടെ ജന്മശതാബ്ദി പ്രമാണിച്ച് 40 രാജ്യങ്ങൾ പോസ്റ്റൽ സ്റ്റാമ്പിറക്കി.
* ഏറ്റവും കൂടുതൽ വലിച്ചുനീട്ടാൻ (ഡക്ടിലിറ്റി) കഴിയുന്ന ലോഹം പ്ലാറ്റിനമാണ്.
* ഉപ്പുസത്യാഗ്രഹസമയത്ത് ബംഗാളിലെ സത്യാഗ്രഹികൾ ജാഥ നടത്തിയത് സിൽഹറ്റ് മുതൽ നവഖാലി വരെയാണ്.
* ഭൂട്ടാനുമായി അതിർത്തി പങ്കിടുന്ന ഇന്ത്യൻ സംസ്ഥാനങ്ങളാണ് സിക്കിം, അരുണാചൽ പ്രദേശ്, പശ്ചിമ ബംഗാൾ, അസം എന്നിവ.
* മുളകിന്റെ നഗരം എന്നറിയപ്പെടുന്നത് ആന്ധ്രാപ്രദേശിലെ ഗുണ്ടൂരാണ്.
* ഭൂട്ടാനിൽ ആദ്യമായി പാർലമെന്റ് തിരഞ്ഞെടുപ്പ് നടന്നത് 2008–ലാണ്.
* 1949 ഓഗസ്റ്റ് 29–ന് ഫസ്റ്റ് ലൈറ്റ്നിങ് എന്ന പേരിലാണ് സോവിയറ്റ് യൂണിയൻ അതിന്റെ ആദ്യത്തെ ആണവപരീക്ഷണം കസഖ്സ്ഥാനിൽ നടത്തിയത്.
* അസ്ഥികൂടങ്ങളുടെ തടാകം, നിഗൂഢ തടാകം എന്നീ അപരനാമങ്ങളിൽ അറിയപ്പെടുന്ന തടാകമാണ് ഉത്തരാഖണ്ഡിലെ ഗഢ് വാൾ മേഖലയിലെ രൂപ്കുണ്ഡ് തടാകം.
* ഇന്ത്യയിലെ പതിനഞ്ചാമത്തെ സംസ്ഥാനമാണ് ഗുജറാത്ത്.
* ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 56 കാലാവധി തീർന്നാലും പിൻഗാമി ചുമതലയേൽക്കുന്നതുവരെ ഇന്ത്യൻ പ്രസിഡന്റിന് പദവിയിൽ തുടരാം എന്ന് വ്യവസ്ഥ ചെയ്യുന്നു.
* കേരളത്തിൽ പ്രൈവറ്റ് സെക്ടറിലെ ആദ്യത്തെ ലോ കോളേജാണ് തിരുവനന്തപുരത്ത് പേരൂർക്കടയിൽ 1967–ൽ ആരംഭിച്ച ലോ അക്കാദമി ലോ കോളേജ്.
* 'നാളെ ലോകാവസാനമാണെന്ന് അറിഞ്ഞാൽ പോലും ഇന്നൊരു മരം നടാൻ മടിക്കേണ്ടതില്ല' എന്നു പറഞ്ഞത് മുഹമ്മദ് നബി
* ബ്രിക്സ് ബാങ്കിന്റെ ആസ്ഥാനമാകുന്നത് ചൈനയിലെ ഷാങ്ഹായ് ആണ്.
* 1956–ലെ ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാന പുനസ്സംഘടനയ്ക്കുശേഷം (1960) നിലവിൽവന്ന ആദ്യ സംസ്ഥാനം ഗുജറാത്താണ്.
* പ്ലാറ്റിനം കഴിഞ്ഞാൽ ഏറ്റവും കൂടുതൽ വലിച്ചുനീട്ടാൻ (ductile) കഴിയുന്ന ലോഹം സ്വർണമാണ്.
* കേരളത്തിൽ ആദ്യമായി വിമാനമിറങ്ങിയത് കൊല്ലത്തെ ആശ്രാമം മൈതാനത്താണ്. തിരുവനന്തപുരത്ത് വിമാനത്താവളം സജ്ജമാകുന്നതിനുമുമ്പുതന്നെ ആശ്രാമം മൈതാനത്ത് ചെറുവിമാനങ്ങൾ ഇറങ്ങുന്നതിന് റൺവേ ഒരുക്കിയിരുന്നു.
* മുല്ലപ്പെരിയാർ ഡാമിന്റെ സ്പിൽവേകളുടെ എണ്ണം 13.
* ഗാന്ധിജിയെ ആദരിക്കാൻ പോസ്റ്റ് മാർക്ക് തയ്യാറാക്കിയ ആദ്യ രാജ്യം മ്യാൻമറാണ്. ചെക്കോസ്ലോവാക്യയും ലക്സംബർഗുമാണ് ഇപ്രകാരം ചെയ്ത മറ്റു രാജ്യങ്ങൾ.
* കേരളത്തിൽ ആദ്യമായി സീ പ്ലെയിൻ പദ്ധതി ആരംഭിച്ചത് കൊല്ലത്താണ് (2013). മത്സ്യകർഷകരുടെ എതിർപ്പുമൂലം ഇത് നിർത്തിവച്ചു.
* ഗുജറാത്തിന്റെ സാംസ്കാരിക തലസ്ഥാനം എന്നറിയപ്പെടുന്നത് വഡോദരയാണ്. വഡോദരയുടെ പഴയ പേരാണ് ബറോഡ.
* മൂന്നു ഗേജുകളിൽ ലൈനുകൾ ഉള്ള റെയിൽവേ സ്റ്റേഷനാണ് ബംഗാളിലെ സിലിഗുരി.
* രാഷ്ട്രപതി സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെടണമെങ്കിൽ ലോക്സഭാംഗമാകുന്നതിനുള്ള യോഗ്യത ഉണ്ടായിരിക്കണം എന്നു വ്യവസ്ഥ ചെയ്തിരിക്കുന്നത് ഭരണഘടനയുടെ 58–മത്തെ അനുച്ഛേദത്തിലാണ്.
* തിരുവനന്തപുരം ടെക്നോപാർക്കിന്റെ ഭാഗമായി കൊല്ലം ജില്ലയിൽ സ്ഥാപിച്ച ടെക്നോപാർക്ക് ചവറയിലാണ്.
* ബസ്മതി അരി ഏറ്റവും കൂടുതൽ ഉൽപാദിപ്പിക്കുന്ന ഇന്ത്യൻ സംസ്ഥാനം ഹരിയാനയാണ്.
* ഭൂട്ടാൻ എന്ന സംസ്കൃതപദത്തിന് ഉയർന്ന ഭൂമി എന്നാണർഥം.
* ഇന്ത്യയിലെ പതിനാറാമത്തെ സംസ്ഥാനമാണ് നാഗാലാൻഡ്.
* ഇന്ത്യയിൽ ആദ്യമായി മോട്ടോർ ടാക്സി നിലവിൽ വന്ന നഗരം മുംബൈയാണ് (1911).
* തെലങ്കാനയിലും ആന്ധ്രപ്രദേശിലുമായി സ്ഥിതി ചെയ്യുന്നതും ദക്ഷിണേന്ത്യയിലെ ഏറ്റവും വലുതുമായ ജലവൈദ്യുത പദ്ധതിയാണ് ശ്രീശൈലം (1670 മെഗാവാട്ട്). തെഹ്‌രി, കോയ്ന എന്നിവ കഴിഞ്ഞാൽ ഇന്ത്യയിലെ ഏറ്റവും വലിയ ജലവൈദ്യുത പദ്ധതിയാണിത്.
* 1985–ൽ ഗ്രീൻപീസിന്റെ റെയിൻബോ വാറിയർ എന്ന കപ്പലിനെ തകർത്തത് ഫ്രാൻസാണ്.
* ലഡാക്കിലെ ലേ എന്ന സ്ഥലത്താണ് മാഗ്നറ്റിക് ഹിൽസ് അഥവാ ഗ്രാവിറ്റി ഹിൽസ് സ്ഥിതി ചെയ്യുന്നത്.
* ഷേക്സ്പിയർ അന്തരിച്ചത് അമ്പത്തിരണ്ടാം വയസ്സിലാണ്.
* ഇന്ത്യ കഴിഞ്ഞാൽ ഗാന്ധി സ്മരണയ്ക്ക് എൻവലപ് ഇറക്കിയ ആദ്യ രാജ്യം റൊമേനിയ ആണ്.
* കേന്ദ്രമന്ത്രിമാരുടെ സത്യപ്രതിജ്ഞയെക്കുറിച്ച് പ്രതിപാദിക്കുന്നത് ഭരണഘടനയുടെ 75–മത്തെ അനുച്ഛേദത്തിലാണ്.
* സ്റ്റാൻലി വോൾപെർട്ട് രചിച്ച ഗാന്ധിജിയുടെ ജീവചരിത്രമാണ് Gandhi's Passion : The Life and the Legacy of Mahatma Gandhi (2001). ഇദ്ദേഹത്തിന്റെ മറ്റ് പ്രശസ്ത രചനകളാണ് Jinnah of Pakistan (1984), Nehru : A Tryst With Destiny (1996) എന്നിവ.
* 1908 മുതൽ 1916 വരെ ബ്രിട്ടിഷ് പ്രധാനമന്ത്രിയായിരുന്ന ഹെർബെർട്ട് ഹെൻറി ആസ്കിത്തിന്റെ ഭരണകാലത്താണ് ഒന്നാം ലോക മഹായുദ്ധം നടന്നത്.
* ലോകത്തിലെ ഏറ്റവും വലിയ ക്ഷേത്ര സമുച്ചയമാണ് അങ്കോർവാട്ട്. ഇത് വിഷ്ണുവിന് സമർപ്പിച്ചിരിക്കുന്നു. ലോകത്തിലെ ഏറ്റവും വലിയ റിലിജിയസ് മോണുമെന്റ് ആയി കണക്കാക്കപ്പെടുന്ന നിർമിതിയും അങ്കോർ വാട്ട് ക്ഷേത്രമാണ്. എ.ഡി.പന്ത്രണ്ടാം ശതകത്തിൽ ഖ്മർ രാജാവ് സൂര്യവർമനാണ് അങ്കോർ വാട്ട് ക്ഷേത്രം പണികഴിപ്പിച്ചത്.
* ഇന്ത്യൻ ഭരണഘടനയുടെ 12–ാമത്തെ പാർട്ടിലാണ് (ഭാഗം) കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള സാമ്പത്തിക ബന്ധങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നത്.
* 1924–ൽ കർണാടകത്തിലെ ബൽഗാമിലാണ് ഗാന്ധിജി അധ്യക്ഷനായ ഏക കോൺഗ്രസ് സമ്മേളനം നടന്നത്. കോൺഗ്രസിന്റെ 39–മത്തെ വാർഷിക സമ്മേളനമായിരുന്നു അത്.
* 2010–ൽ ആരംഭിച്ച മുല്ലപ്പൂ വിപ്ലവത്തെത്തുടർന്ന് സൗദിയിലേക്ക് പലായനം ചെയ്യാൻ (2011 ജനുവരി) ടുണിഷ്യൻ പ്രസിഡന്റാണ് സൈനുൽ ആബിദി ബിൻ അലി. മുഹമ്മദ് ബൊഅസീസി എന്നയാൾ, തന്റെ കച്ചവട വണ്ടി പൊലീസ് പിടിച്ചെടുത്ത കാരണത്താൽ ആത്മഹത്യ ചെയ്യാനിടയായ സംഭവത്തോടെയാണ് മുല്ലപ്പൂ വിപ്ലവത്തിന്റെ തുടക്കം.
* സ്വത്തവകാശത്തെ നിയമപരമായ അവകാശം മാത്രമാക്കി മാറ്റിയത് 31–ാമത്തെ ഭരണഘടനാ ഭേദഗതിയാണ്.
* ഇന്ത്യയിൽ മുഖ്യമന്ത്രി സ്ഥാനത്തെത്തിയ ഏറ്റവും പ്രായം കുറഞ്ഞ വ്യക്തിയാണ് എം.ഒ.ഹസ്സൻ ഫറൂഖ് മരക്കാർ. 1937–ൽ ജനിച്ച ഇദ്ദേഹം 1967–ൽ മുപ്പതാം വയസ്സിൽ പുതുച്ചേരി മുഖ്യമന്ത്രിയായി. മുപ്പത്തിമൂന്നാം വയസ്സിൽ 1985–ൽ അസം മുഖ്യമന്ത്രിയായ പ്രഫുല്ലകുമാർ മൊഹന്തയാണ് ഒരു ഇന്ത്യൻ സംസ്ഥാനത്തെ ഏറ്റവും പ്രായം കുറഞ്ഞ മുഖ്യമന്ത്രി.
* പാർലമെന്റംഗമല്ലാത്ത ഒരാൾക്ക് ആറുമാസത്തിൽ കൂടുതൽകാലം കേന്ദ്രമന്ത്രി സ്ഥാനം വഹിക്കാൻ സാധ്യമല്ല എന്ന് വ്യവസ്ഥ ചെയ്യുന്നത് ഭരണഘടനയുടെ 75–മത്തെ അനുച്ഛേദത്തിലാണ്.
* കോയ്ന ജലവൈദ്യുത പദ്ധതിയുടെ ജലസംഭരണിയാണ് ശിവസാഗർ തടാകം. അമ്പത് കിലോമീറ്ററോളമാണ് നീളം.
* മുപ്പത്തിയേഴാം വയസ്സിൽ മിസൊറാം ഗവർണറായ സ്വരാജ് കൗശൽ ആണ് ഇന്ത്യയിൽ ഏറ്റവും കുറഞ്ഞ പ്രായത്തിൽ ഗവർണറായി നിയമിതനായത് (1990).
* ഡൽഹിയിൽ ദിനപന പട്ടണം സ്ഥാപിച്ചത് ഹുമയൂണാണ്.
* ബോംബെ സംസ്ഥാനം വിഭജിച്ച് മഹാരാഷ്ട്രയും ഗുജറാത്തും രൂപംകൊണ്ടപ്പോൾ മഹാരാഷ്ട്രയുടെ ആദ്യത്തെ മുഖ്യമന്ത്രിയായത് യശ്വന്ത് റാവു ചവാനാണ് (1960–62). അവിഭക്ത ബോംബെ സംസ്ഥാനത്തിന്റെ അവസാനത്തെ മുഖ്യമന്ത്രിയും അദ്ദേഹമാണ്.
* വേഴ്സയിൽസ് കൊട്ടാരം നിർമിച്ച ഫ്രഞ്ച് ഭരണാധികാരിയാണ് ലൂയി പതിനാലാമൻ (1638–1715). ഒന്നാം ലോകമഹായുദ്ധം അവസാനിപ്പിച്ച വേഴ്സയിൽസ് ഉടമ്പടി ഒപ്പുവെച്ചത് ഈ കൊട്ടാരത്തിലെ ഹാൾ ഓഫ് മിറേഴ്സിൽ വച്ചാണ് (1919).
* ഹെർബൽ ഇന്ത്യൻ ഡോക്ടർ എന്നറിയപ്പെടുന്നത് നെല്ലിയാണ്.
* ഒങ്കസെ വർഗക്കാർ അധിവസിക്കുന്ന പ്രദേശമാണ് ആന്തമാൻ.
